# റബ്ബർ

ജൂലൈ 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബർബോർഡിന്റെ വികസനപദ്ധതികൾ
- വിയിറ്റോ വില്ലേജിന്റെ വിജയഗാഥ
- വനിതാമുന്നേറ്റത്തിന്റെ പുതുനാമ്പ്
- ഇടവിളയായി മൂട്ടിപ്പഴം
- ഗൊസൈഗാവിലെ കൂൺവിശേഷങ്ങൾ



## റബ്ബറധിഷ്ഠിത സംയോജിതകൃഷി

# കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി



അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്

**ആരംഭിച്ചിരിക്കുന്നു..!**

CHEERAKUZHY
**Wonder Root**
ROOT TRAINER RUBBER PLANT



UNION MKD

ചീരക്കുഴി®
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


06 | അധികാദായത്തിന് റബ്ബറധിഷ്ഠിത സംയോജിതകൃഷി

12 | റബ്ബർബോർഡിന്റെ വികസനപദ്ധതികൾ

15 | വിയിറ്റോ വില്ലേജിന്റെ വിജയഗാഥ

17 | 'റബ്ബർ ചിഗുരു' വനിതാമുന്നേറ്റത്തിന്റെ പുതുനാമ്പ്

20 | വായനാനുഭവമായി ഒരു ആകാശവാണിക്കാലം

22 | റബ്ബറിന് ഇടവിളയായി മൂട്ടിപ്പഴം

25 | ഗൊസൈഗാവിലെ കൂൺവിശേഷങ്ങൾ

29 | കോൾ സെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





710

# റബ്ബർ

ജൂലൈ 2025



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# പദ്ധതികളുടെ ഗുണഭോക്താക്കളാകുക

റബ്ബർമേഖലയുടെ ഉന്നമനത്തിനായി വിവിധ കാലങ്ങളിലായി, റബ്ബർബോർഡ് നടപ്പാക്കിയ പദ്ധതികൾ റബ്ബർതോട്ടവ്യവസായത്തിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. ഇന്ന് റബ്ബർകൃഷി വികസനം; ഗുണമേന്മയുള്ള റബ്ബർതൈ ഉത്പാദനം; റെയിൻ ഗാർഡിങ്; സമൂഹ റബ്ബർപാൽ സംസ്കരണശാലകളുടെ നിർമാണം, അവയുടെ നവീകരണം; റബറുത്പാദക സംഘങ്ങളോട് അനുബന്ധിച്ച് പുകപ്പുര, മലിനജല സംസ്കരണ പ്ലാന്റ് എന്നിവയുടെ നിർമാണം തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്നതിന് വിവിധ പദ്ധതികൾ റബ്ബർബോർഡ് നടപ്പാക്കി വരുന്നു. പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതികളുണ്ട്. കൂടാതെ, പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപെട്ടവർക്കായി പ്രത്യേക പദ്ധതികളും നിലവിലുണ്ട്.

റബ്ബർബോർഡ് കർഷകർക്കായി പരമ്പരാഗത റബ്ബർമേഖലകളിലും പാരമ്പര്യേതര മേഖലകളിലും വടക്കുകിഴക്കൻ മേഖലകളിലും നടപ്പാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള വിശദമായ ഒരു ലേഖനം റബ്ബർമാസികയുടെ ഈ ലക്കത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ കൃത്യസമയത്തു തന്നെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പരിശീലനപരിപാടികൾ, പഠനയാത്ര എന്നിവയ്ക്കായുള്ള പദ്ധതികൾക്കൊഴികെ മറ്റെല്ലാ പദ്ധതിയാനുകൂല്യങ്ങൾക്കും വേണ്ടി അപേക്ഷ നൽകേണ്ടത് 'സർവ്വീസ് പ്ലസ്' പോർട്ടൽ മുഖേനയാണ്. കർഷകരും റബ്ബറുത്പാദകസംഘം ഭാരവാഹികളും കൃത്യസമയത്തു തന്നെ അപേക്ഷ നൽകി പദ്ധതികളുടെ ഗുണഭോക്താക്കളാകണം എന്ന് അഭ്യർത്ഥിക്കുന്നു.

– എഡിറ്റർ



# റബ്ബറുത്പാദനത്തിൽ വർധന

കഴിഞ്ഞ സാമ്പത്തികവർഷം പ്രകൃതിദത്തറബ്ബറുത്പാദനം 8,75,000 ടൺ ആയി ഉയർന്നു. 2023-24 വർഷത്തിൽ അത് 8,57,000 ടൺ ആയിരുന്നു. ഈ കാലയളവിൽ ടാപ്പുചെയ്യുന്ന തോട്ടങ്ങളുടെ എണ്ണത്തിലും വിസ്തൃതിയിലും ഉണ്ടായ വർധനയും തോട്ടങ്ങളിൽ നിന്നുള്ള ഉത്പാദനം വർധിപ്പിക്കുന്നതിന് റബ്ബർബോർഡ് സ്വീകരിച്ച വിവിധ നടപടികളും ഉത്പാദന വർധനയ്ക്ക് ഇടയാക്കിയിട്ടുണ്ട്. രാജ്യത്ത് 2024-25-ൽ 5,83,300 ഹെക്ടർ സ്ഥലത്താണ് റബ്ബർടാപ്പിങ് നടന്നത്. ഇത് ഇവിടെ വിളവെടുപ്പ് സാധ്യമായ തോട്ടങ്ങളുടെ ഏതാണ്ട് 77 ശതമാനം വരും. 2023-24-ൽ ടാപ്പു ചെയ്തത് 5,77,300 ഹെക്ടർ സ്ഥലത്താണ്. കൂടാതെ, ഉത്പാദനക്ഷമത, അഥവാ ഹെക്ടർ പ്രതി റബ്ബറുത്പാദനം കഴിഞ്ഞ വർഷം 1500 കിലോഗ്രാമായിരുന്നു. അതിന് മുൻ വർഷം അത് 1,485 കിലോഗ്രാമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ വർഷം പ്രകൃതിദത്തറബ്ബറിന് ലഭിച്ച താരതമ്യേന ഉയർന്ന വിലയും ഉത്പാദനവർധനയിൽ നിർണായക പങ്കു വഹിച്ചു. റബ്ബറിൽ നിന്ന് ഉത്പാദനം കൂടുതൽ ലഭിക്കുന്ന സമയത്ത് നിലനിന്നിരുന്ന അനുകൂലകാലാവസ്ഥയും ഇതിന് സഹായകമായി. ടാപ്പുചെയ്യാതെ കിടന്ന 32,559 ചെറുകിടത്തോട്ടങ്ങളുൾപെടുന്ന 22,160 ഹെക്ടർ സ്ഥലത്ത് ടാപ്പിങ് നടന്നതും അവിടെ നിന്ന് ഉത്പാദനം ലഭ്യമാക്കാനായതും ഒരു നേട്ടമായി.

റബ്ബർബോർഡിന്റെ ഇടപെടലുകൾ മൂലം കർഷകർ കൂടുതലായി തോട്ടങ്ങൾ റെയിൻഗാർഡ് ചെയ്യുകയും മറ്റ് കൃഷിപ്പണികൾ സമയബന്ധിതമായി നടത്തുകയുമുണ്ടായി. വടക്കുകിഴക്കൻ മേഖലയിൽ, സ്വയം ടാപ്പിങ് പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനപരിപാടികൾ സംഘടിപ്പിക്കുക വഴി കൂടുതൽ തോട്ടങ്ങൾ ടാപ്പിങ്ങിലേക്ക് വന്നു.

രോഗനിയന്ത്രണത്തിനും അതുവഴി ഉത്പാദനം വർധിപ്പിക്കുന്നതിനും ബോർഡ് കർഷകർക്ക് സമയോചിതമായ പിന്തുണ നൽകിവരുന്നു. ഇലയെ ബാധിക്കുന്ന രോഗങ്ങളുടെ നിയന്ത്രണത്തിനായി തോട്ടങ്ങളിൽ മരുന്നുതളിക്കുന്നതിന് ധനസഹായം നൽകിവരുന്നു. ചെറുകിടകർഷകർക്കായി 26 ലിറ്റർ വരുന്ന ചെറിയ ക്യാനുകളിൽ ബയോഡീഗ്രേഡബിൾ, പരിസ്ഥിതി സൗഹൃദ സ്പ്രേ ഓയിൽ ഇന്ന് ലഭ്യമാണ്. ഇലരോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഡ്രോണുകൾ ഉപയോഗിക്കുന്നതിനുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ ശുപാർശ താമസിയാതെ കർഷകരിലെത്തിക്കുന്നതാണ്. പരീക്ഷണ നിരീക്ഷണങ്ങളിൽ ഡ്രോൺ സ്പ്രേയിങ് മികച്ചതായി കാണുന്നു. ഇതുവഴി അധ്വാനം കുറയ്ക്കാനും സമയം ലാഭിക്കാനും കഴിയും. കൂടാതെ, ഇലരോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള എഫ് എക്സ് 516 പോലുള്ള ക്ലോണുകൾ ഉപയോഗിച്ചുള്ള ക്രൗൺ ബഡ്ഡിങ് റബ്ബർബോർഡ് പ്രോത്സാഹിപ്പിക്കുന്നു.

2024-25-ൽ രാജ്യത്തെ പ്രകൃതിദത്തറബ്ബറുപഭോഗം 14,10,000 ടൺ ആയിരുന്നു. ഇത് 2023-24-നെ അപേക്ഷിച്ച് 0.4 ശതമാനം കുറഞ്ഞതായാണ് കാണുന്നത്. പ്രകൃതിദത്ത റബ്ബറുപഭോഗത്തിന്റെ പ്രധാന പങ്ക് വഹിക്കുന്ന ടയർ മേഖലയിലെ ഉപഭോഗം 2023-24-നെ അപേക്ഷിച്ച് 0.7 ശതമാനം ഇടിവ് രേഖപ്പെടുത്തുമ്പോൾ, ടയറിതര മേഖലയിലെ ഉപഭോഗം മുൻവർഷത്തെക്കാൾ 0.1 ശതമാനം കൂടിയതായി കാണപ്പെട്ടു. ടയറിതര മേഖലയിൽ 2022-23-ലെ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ 15.5 ശതമാനം അധികവളർച്ചയാണുണ്ടായിട്ടുള്ളത്. ടയറിതര മേഖലയിൽ പ്രകൃതിദത്തറബ്ബറുപഭോഗം വർധിക്കുന്നത് ഈ രംഗത്ത് രാജ്യത്തുണ്ടാകുന്ന വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

## അധികാദായത്തിന്

# റബ്ബറധിഷ്ഠിത സംയോജിതകൃഷി

റബ്ബർതോട്ടങ്ങളിൽനിന്നുള്ള സുസ്ഥിര വരുമാനവും അധികാദായവും ഉറപ്പാക്കുന്നതിനും ചെറുകിടകർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമുള്ള ഒരുത്തമ മാർഗമാണ് റബ്ബറിലെ സംയോജിതകൃഷി. വർഷം മുഴുവൻ വരുമാനം ലഭ്യമാകുന്ന രീതിയിൽ വ്യത്യസ്ത തരം വിളകളുടെ കൃഷിയും കന്നുകാലി പരിപാലനം, കോഴിവളർത്തൽ, തേനീച്ചവളർത്തൽ, മത്സ്യക്കൃഷി എന്നീ കാർഷിക അനുബന്ധ പ്രവർത്തനങ്ങളും സംയോജിപ്പിക്കുന്ന ഒരു സമഗ്ര സമീപനമാണിത്. സംയോജിതകൃഷിയിലൂടെ റബ്ബർ നിരകൾക്കിടയിൽ ലഭ്യമായ സ്ഥലം, സൂര്യപ്രകാശം എന്നിവയുടെ ഫലപ്രദമായ വിനിയോഗം സാധ്യമാകുന്നു. കൂടാതെ റബ്ബറിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനോടൊപ്പം കളകളെ നിയന്ത്രിക്കാനും മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനും റബ്ബർതോട്ടങ്ങളിൽ ജൈവവൈവിധ്യം ഉറപ്പാക്കാനും മണ്ണിലെ സൂക്ഷ്മജീവികളുടെ വർദ്ധനയ്ക്കും വേനൽകാലത്തു മണ്ണിൽ കൂടുതൽ ഈർപം നിലനിർത്തുന്നതിനുമെല്ലാം സംയോജിതകൃഷി സഹായകമായിട്ടുണ്ട് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ ആദായം മാത്രം ലക്ഷ്യമാക്കിയുള്ള അശാസ്ത്രീയമായ സംയോജിതകൃഷി, റബ്ബറിന്റെ വളർച്ചയെയും ഉത്പാദനത്തെയും സാരമായി ബാധിക്കും.

### റബ്ബർതോട്ടങ്ങളിൽ നടപ്പാക്കാവുന്ന പ്രധാന സംയോജിത കൃഷിസമ്പ്രദായങ്ങൾ


#### ഇടവിളക്കൃഷി

റബ്ബറിന്റെ അപക്വകാലഘട്ടത്തിൽ അധികവരുമാനം ലഭ്യമാക്കുന്നതിന് നിലവിൽ പലതോട്ടങ്ങളിലും ഇടവിളകൾ കൃഷിചെയ്തു വരുന്നുണ്ട്. സൂര്യപ്രകാശത്തിന്റെ ലഭ്യത, കൃഷിഭൂമിയുടെ കിടപ്പ്, ജലസേചനസൗകര്യം, തൊഴിലാളികളുടെ ലഭ്യത, വിപണനസാധ്യതകൾ എന്നിവയൊക്കെ കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ വേണം ഇടവിളകൾ കൃഷിചെയ്യാൻ. നിരപ്പായ തോട്ടങ്ങളിൽ, അതായതു ചെരിവ് അഞ്ചു ശതമാനത്തിൽ താഴെ വരുന്ന തോട്ടങ്ങളിൽ ഒട്ടുമിക്ക ഇടവിളകളും കൃഷി ചെയ്യാമെങ്കിലും ചെരിവുള്ള പ്രദേശങ്ങളിൽ മണ്ണിളക്കം വേണ്ടിവരുന്ന ഇടവിളകൾ കഴിവതും ഒഴിവാക്കണം.

കൂടുതൽ ചെരിവുള്ള (25 ശതമാനത്തിനുമേൽ ചെരിവുള്ള) തോട്ടങ്ങളിൽ ഇടവിളക്കൃഷി പൂർണമായും ഒഴിവാക്കി അവിടെ പയർവർഗത്തിൽപെട്ട ആവരണവിളകൾ വെച്ചുപിടിപ്പിക്കേണ്ടതാണ്.

മുഖ്യവിളയായ റബ്ബറിന്റെ നടീൽരീതി അനുസരിച്ചു വേണം ഇടവിളയുടെ എണ്ണവും നടീൽരീതിയും തീരുമാനിക്കാൻ. സമചതുരാകൃതിയിൽ റബ്ബർനിരകളെടുക്കുന്നതിനേക്കാൾ ദീർഘ ചതുരാകൃതിയിൽ നിരകളെടുത്തു തൈകൾ നടുകയാണെങ്കിൽ നിരകൾക്കിടയിൽ പരമാവധി സ്ഥലവും സൂര്യപ്രകാശവും ലഭ്യമാകും. സൂര്യപ്രകാശത്തിന്റെ ലഭ്യത കണക്കിലെടുക്കുകയാണെങ്കിൽ ഇത്തരം തോട്ടങ്ങളിൽ ആദ്യത്തെ മൂന്നോ നാലോ വർഷങ്ങളിൽ മാത്രമേ ഭക്ഷ്യവിളകൾ ഇടവിളയായി കൃഷിചെയ്യാൻ സാധിക്കൂ. എന്നാൽ റബ്ബറിന്റെ അപക്വകാലം മുഴുവനും ഇടവിളകൾ കൃഷിചെയ്യുന്നതിനുള്ള പുതിയ നടീൽരീതി റബ്ബർബോർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഈ നടീൽരീതിയിൽ റബ്ബർനിരകളെ രണ്ടു നിരകളുള്ള ജോഡികളായി കണക്കാക്കി രണ്ടു ജോഡി നിരകൾ തമ്മിൽ 9 മീറ്റർ അകലം നൽകണം. ഒരു ജോഡിയിൽ പെട്ട രണ്ടു നിരകൾ തമ്മിൽ 5 മീറ്റർ അകലവും നിരകളിലെ തൈകൾ തമ്മിൽ 3.2 മീറ്റർ അകലവും ഉണ്ടായിരിക്കണം (ചിത്രം 1). ഈ രീതിയനുസരിച്ച് ഒരു ഹെക്ടറിൽ ഏകദേശം 440 റബ്ബർതൈകൾ നടാം. രണ്ടു നിരകൾ തമ്മിൽ കൂടുതൽ അകലമുള്ളതിനാൽ കൂടുതൽ കാലം സൂര്യപ്രകാശം ഇടനിരകളിൽ ലഭ്യമായിരിക്കും. ഈ നിരകളിൽ അപക്വകാലം മുഴുവനും ഇടവിളകൾ കൃഷിചെയ്യാൻ കഴിയുന്നതിനാൽ ഇടവിളകൾ വളരെ ശ്രദ്ധയോടെ തെരഞ്ഞെടുക്കേണ്ടതുണ്ട്. ദീർഘകാല ഇടവിളകളാണ് നടാൻ ഉദ്ദേശിക്കുന്നതെങ്കിൽ ജോഡികൾ തമ്മിൽ 12 മീറ്ററും ഒരു ജോഡിയിലെ നിരകൾ തമ്മിൽ 3.8 മീറ്ററും നിരകളിലെ തൈകൾ തമ്മിൽ 3.4 മീറ്ററും അകലം നൽകി റബ്ബർ നടാവുന്നതാണ്.




*പുതിയ നടീൽരീതി (ചിത്രം 1)*

## ഇടവിളക്കൃഷിക്കുള്ള മാർഗനിർദ്ദേശങ്ങൾ

റബ്ബർതൈകളുടെ ചുവട്ടിൽ നിന്നും ഒന്നര മീറ്ററെങ്കിലും അകലത്തിൽ മാത്രമേ ഇടവിളകൾ കൃഷി ചെയ്യാവൂ.

ഇടവിളകളുടെ കൃഷിയാവശ്യങ്ങൾക്കുവേണ്ടിയുള്ള മണ്ണിളക്കൽ പരമാവധി കുറയ്ക്കണം.

ജൈവ, രാസ വളങ്ങൾ കാർഷികസർവകശാലയുടെ ശുപാർശ പ്രകാരം ഇടവിളകൾക്കു പ്രത്യേകം ചേർത്തുകൊടുക്കുകയും അമിത വളപ്രയോഗം ഒഴിവാക്കുകയും വേണം.

ചെരിവുള്ള തോട്ടങ്ങളിൽ ചെരിവിന് കുറുകെ വേണം ഇടവിളകൾ നടാൻ.



*ഇടവിളയായി വാഴയും പച്ചക്കറികളും*


ഇടവിളകളുടെ വിളവെടുപ്പിനു ശേഷം ബാക്കിവരുന്ന ജൈവാംശങ്ങൾ വെട്ടിയരിഞ്ഞു മണ്ണിൽ ചേർക്കണം.

റബ്ബറിന്റെ വളപ്രയോഗത്തിലും മറ്റു പരിചരണങ്ങളിലും വീഴ്ച വരുത്താൻ പാടില്ല.

ഇടവിളക്കൃഷിക്ക് ശേഷം തോട്ടത്തിലെ മണ്ണും ഇലയും പരിശോധിച്ച് വിവേചനപൂർവകമായ വളപ്രയോഗം നടത്തണം.

## ഹ്രസ്വകാലവിളകൾ

**വാഴ:** റബ്ബർതോട്ടങ്ങളിൽ ആദായകരമായി കൃഷി ചെയ്യാൻ ഏറ്റവും യോജിച്ച ഇടവിളയാണ് വാഴ. നിരപ്പായതോ ചെറിയ ചെരിവുള്ളതോ ആയ പ്രദേശങ്ങളിൽ വാഴ കൃഷിചെയ്യാം. ദീർഘചതുരാകൃതിയിൽ റബ്ബർതൈകൾ നട്ട തോട്ടങ്ങളിലെ ഇടനിരകളിൽ ആദ്യ വർഷം രണ്ടു നിര വാഴത്തൈകൾ നടാം. സമചതുരാകൃതിയിലാണ് റബ്ബർ നട്ടിരിക്കുന്നതെങ്കിൽ ഇടനിരകളിൽ ഒരു വരി വാഴ നടുന്നതാണ് ഉത്തമം (ചിത്രം 2).




*വാഴ – നടീൽരീതി (ചിത്രം 2)*

50 സെ.മീ. വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്താണ് വാഴ നടേണ്ടത്. ഒരു ഹെക്ടർ തോട്ടത്തിൽ ഒന്നാം വർഷം ഏകദേശം 1200 വാഴക്കന്ന് നടാം. തോട്ടത്തിൽ ആവശ്യത്തിന് സൂര്യപ്രകാശം ലഭ്യമാക്കുന്നതിന് രണ്ടാം വർഷം ഇത് 600 ആയും മൂന്നാം വർഷം 450 ആയും പരിമിതപ്പെടുത്തണം. അല്ലാത്ത പക്ഷം റബ്ബർ വേണ്ടത്ര വണ്ണം വെയ്ക്കാതെ ഉയരത്തിൽ വളരാനുള്ള ഒരു പ്രവണത കാണിക്കും.

**കൈത:** മറ്റു വിളകളെ അപേക്ഷിച്ച് വിപണന സാധ്യത കൂടുതലുള്ളതിനാലും പ്രതികൂല കാലാവസ്ഥയെ തരണം ചെയ്യാനുള്ള കഴിവുള്ളതിനാലും കേരളത്തിലെ റബ്ബർകർഷകർക്കിടയിൽ കൂടുതൽ പ്രചാരം നേടിയ ഇടവിളയാണ് കൈത. സാധാരണമായി റബ്ബർ നട്ടശേഷമുള്ള 3–4 വർഷം മാത്രമാണ് കൈത ഇടവിളയായി നിർത്തുന്നത്. റബ്ബർബോർഡ് നിർദ്ദേശിച്ചിട്ടുള്ള മാർഗരേഖകളനുസരിച്ച് ശാസ്ത്രീയമായി കൈത ഇടവിളയായി കൃഷിചെയ്യുന്നത് റബ്ബറിന്റെ വളർച്ചയെയൊ മണ്ണിന്റെ ഗുണമേന്മയെയൊ ബാധിക്കുകയില്ലെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പാട്ടക്കരാർ അടിസ്ഥാനത്തിൽ കൈത കൃഷിചെയ്യുന്നവരാണ് മിക്ക കർഷകരും. കരാറടിസ്ഥാനത്തിലുള്ള പാട്ടക്കൃഷിക്ക് ധാരാളം നല്ലവശങ്ങൾ ഉണ്ടെങ്കിൽപോലും കരാറടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന പല തോട്ടങ്ങളിലും ബോർഡ് നൽകിയിട്ടുള്ള ശുപാർശകൾ പാലിക്കുന്നില്ലെന്നു കാണാം. കൈത കൃഷിചെയ്യുന്നതിന് നിലമൊരുക്കുന്നതിന്റെ ഭാഗമായി കൃഷിയിടം മുഴുവൻ 60 മുതൽ 90 വരെ സെന്റീമീറ്റർ (രണ്ടു മുതൽ മൂന്ന് വരെ അടി) താഴ്ചയിൽ യന്ത്രങ്ങളുപയോഗിച്ച് (ജെ.സി.ബി./ഹിറ്റാച്ചി) ഉഴുതുമറിക്കുന്നതും കൈതയ്ക്ക് അനുവദനീയമായ രാസവളശുപാർശയേക്കാൾ കൂടുതൽ വളമിടുന്നതും കൂടുതൽ



ഇടവിളയായി കൈത നട്ടിരിക്കുന്നു

എണ്ണം കൈത നടുന്നതുമായ അശാസ്ത്രീയ കൈതക്കൃഷി മണ്ണിനും റബ്ബറിനും ദോഷകരമാണ്. അതുകൊണ്ട് കരാറടിസ്ഥാനത്തിൽ കൈത കൃഷിചെയ്യുമ്പോൾ കൃഷിരീതികൾ ശാസ്ത്രീയമാണെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്.

ഇടവിളയായി കൈത കൃഷിചെയ്യുമ്പോൾ തോട്ടം മുഴുവൻ ഉഴുതു മറിക്കാതെ അവ നടുന്നതിനുള്ള ഭാഗം മാത്രം യന്ത്രം ഉപയോഗിച്ച് ഏകദേശം 15 മുതൽ 30 വരെ സെ. മീ. ആഴത്തിൽ ചാലുകൾ കീറിയശേഷം കന്നു നടുന്നതാണ് ഉത്തമം. മറ്റു ഇടവിളകൾക്കും നടുന്നതിനുള്ള ഭാഗത്തെ മാത്രം മണ്ണിളക്കിയാൽ മതിയാവും. ചെരിവുള്ള പ്രദേശങ്ങളിൽ കൈതയുടെ കൃഷിപ്പണികൾ എളുപ്പമാക്കുന്നതിനും കൂടുതൽ കൈത ഉൾക്കൊള്ളിക്കുന്നതിനുമായി ഭൂമിയുടെ ചെരിവിന് സമാന്തരമായി കൈത നടുന്ന രീതി പരമാവധി ഒഴിവാക്കണം. റബ്ബർതൈകളിൽ നിന്ന് ഒന്നര മീറ്റർ അകലം നൽകിയേ കൈത നടാവൂ. പിന്നീടുള്ള വർഷങ്ങളിലും ഈ അകലം പാലിച്ചിരിക്കണം.

**ഇഞ്ചി, മഞ്ഞൾ:** ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയ്ക്ക് വളരെയേറെ മണ്ണിളക്കം ആവശ്യമായി വരുന്നതിനാൽ നിരപ്പായതോട്ടങ്ങളിൽ മാത്രം ഇടനിരകളിൽ ഉയർന്ന തടങ്ങളെടുത്ത് ഇവ നടാം. റബ്ബർ നട്ട് ആദ്യത്തെ മൂന്ന് വർഷക്കാലവും പത്തുവർഷത്തിനുമേൽ പ്രായമായ തോട്ടങ്ങളിലും മഞ്ഞൾ ഇടവിളയായി കൃഷിചെയ്യാം. പത്തുവർഷത്തിനുമേൽ പ്രായമായ തോട്ടങ്ങളിൽ കുറച്ചു മരങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടും ഇലച്ചിൽ കുറയുന്നതുകൊണ്ടും കൂടുതൽ സൂര്യപ്രകാശം ലഭിക്കാൻ സാധ്യതയുണ്ട്. ഇന്ത്യൻ സുഗന്ധവിളഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത, ഭാഗികമായ തണലിലും സാമാന്യം ഉത്പാദനം തരുന്നതും ഇടവിളക്കൃഷിക്ക് യോജിച്ചതും കുർകുമിന്റെ അളവ് താരതമ്യേന കൂടുതലുള്ളതുമായ പ്രഗതി, പ്രതിഭ എന്നീ ഇനങ്ങളാണ് പത്തുവർഷത്തിനുമേൽ പ്രായമായ തോട്ടങ്ങളിൽ കൃഷിചെയ്യാവുന്ന മഞ്ഞൾ ഇനങ്ങൾ. മഞ്ഞൾ ഏകവിളയായി കൃഷിചെയ്യുമ്പോൾ ലഭിക്കുന്നതിന്റെ ഏകദേശം 50–60 ശതമാനത്തോളം വിളവ് റബ്ബറിൽ ഇടവിളയായി കൃഷിചെയ്യുമ്പോൾ ലഭിക്കും.നല്ല വിളവ് ലഭിക്കാൻ ശുപാർശപ്രകാരമുള്ള ജൈവവളവും രാസവളങ്ങളും ചേർത്തുകൊടുക്കണം.

**കിഴങ്ങുവർഗങ്ങൾ:** ഭാഗീകമായി സൂര്യപ്രകാശം ലഭിക്കുന്ന തോട്ടങ്ങളിലും കിഴങ്ങുവർഗങ്ങൾ കൃഷി ചെയ്യുമ്പോൾ നല്ല ആദായം ലഭിക്കുന്നതിനാൽ റബ്ബറിനൊപ്പം 3–4 വർഷം വരെ ചേന, ചേമ്പ്, കാച്ചിൽ മുതലായ



ഇടവിളയായി മഞ്ഞൾ കൃഷി ചെയ്തിരിക്കുന്നു



*കൊക്കോ ഇടവിളയായി നട്ടിരിക്കുന്നു*

കിഴങ്ങുവർഗങ്ങൾ തനിച്ചോ മറ്റു ഇടവിളകളുടെ കൂടെയൊ കൃഷിചെയ്യാം. കിഴങ്ങുവർഗങ്ങൾ നടുമ്പോഴും വിളവെടുക്കുമ്പോഴും മണ്ണിന് ഇളക്കം തട്ടുന്നതിനാൽ നിരപ്പായതും ചെറിയ ചെരിവുള്ള പ്രദേശങ്ങളിലും മാത്രമേ ഇവ കൃഷി ചെയ്യാവൂ.

**പച്ചക്കറികൾ:** റബ്ബർ നട്ട് ആദ്യത്തെ വർഷങ്ങളിൽ ഓരോ സ്ഥലത്തിന് യോജിച്ചതും വിപണനസാധ്യതയുള്ളതുമായ പച്ചക്കറികൾ തെരഞ്ഞെടുത്ത് തനിച്ചോ മറ്റിടവിളകളോടൊപ്പമോ കൃഷി ചെയ്യാം. ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ വർഷം മുഴുവനും പച്ചക്കറികൾ ഇടവിളയായി കൃഷിചെയ്യാൻ കഴിയും.

**ഔഷധ സസ്യങ്ങൾ:** ഇലച്ചിൽ വന്നു മൂടിയ, ടാപ്പു ചെയ്യുന്ന തോട്ടങ്ങളിൽ പോലും ചില ഔഷധസസ്യങ്ങൾ ആദായകരമായി കൃഷി ചെയ്യാം. കരിംകുറുഞ്ഞി, ആടലോടകം, ചിറ്റരത്ത, ചുവന്ന കൊടുവേലി എന്നിവ റബ്ബർതോട്ടങ്ങളിൽ നന്നായി വളരും. കാലവർഷാരംഭത്തോടെ ഇവ തോട്ടങ്ങളിൽ നടാം. എന്നാൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അവയുടെ വിപണനസാധ്യതയും ഇടവിളയായി കൃഷി ചെയ്താൽ തോട്ടത്തിൽ ഉണ്ടാകാവുന്ന മണ്ണൊലിപ്പും കണക്കിലെടുക്കേണ്ടതുണ്ട്. റബ്ബറിന്റെ വേരിന് ക്ഷത മേൽക്കാതെ വേണം വിളവെടുപ്പ് നടത്താൻ.

### ദീർഘകാല ഇടവിളകൾ

ആദ്യവർഷങ്ങളിൽ റബ്ബറിനൊപ്പം വിവിധതരം ഹ്രസ്വകാലവിളകൾ കൃഷിചെയ്യുന്നുണ്ടെങ്കിലും റബ്ബർ വളരുന്നതോടെ തോട്ടത്തിലെ സൂര്യപ്രകാശത്തിന്റെ ലഭ്യത സാരമായി കുറയുന്നതിനാൽ ദീർഘകാലവിളകൾ വ്യാപകമായി കൃഷിചെയ്യുന്നതിനുള്ള പരിമിതികൾ കൂടും. എന്നാൽ ഭാഗികമായ സൂര്യപ്രകാശത്തിലും ചില ദീർഘകാല വിളകൾ ലാഭകരമായി കൃഷിചെയ്യാൻ സാധിക്കും.

**കൊക്കോ/കാപ്പി:** കാലവർഷത്തിന്റെ ആരംഭത്തോടുകൂടി റബ്ബർ നടുന്നതിനൊപ്പമോ അതല്ലെങ്കിൽ 10 വർഷത്തിലധികം പ്രായമുള്ള റബ്ബർതോട്ടങ്ങളിലോ കൊക്കോയും കാപ്പിയും ഇടവിളയായി നടാം. റബ്ബർനിരകൾക്കിടയിൽ നാലു റബ്ബർമരങ്ങളുടെ നടുവിൽ ഒരു കൊക്കോ അല്ലെങ്കിൽ ഒരു കാപ്പി എന്നതോതിൽ ഒരുവരി കൊക്കോ/കാപ്പി വെച്ചുപിടിപ്പിക്കാവുന്നതാണ്. 50 സെ.മീ. വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത് അടിവളമായി ചാണകമോ കംമ്പോസ്റ്റോ ചേർത്ത് വേണം ഇവ നടാൻ. റബ്ബർ നടുന്നതിനൊപ്പം ഈ ഇടവിളകൾ കൃഷിചെയ്യുമ്പാൾ തണലായി ആദ്യവർഷത്തിൽ ഇരുവശങ്ങളിലും വാഴ വെച്ച് കൊടുക്കുന്നത് നല്ലതാണ്. അല്ലെങ്കിൽ തണൽ നൽകുകയോ നന്നായി നനച്ചുകൊടുക്കുകയോ ചെയ്യണം. ഇവയുടെ വളപ്രയോഗവും പരിപാലനവും കാർഷികസർവകലാശാല ശുപാർശ പ്രകാരം ചെയ്യണം. ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ കൊക്കോയും കാപ്പിയും ഇടവിളകളായി കൃഷിചെയ്യുമ്പോൾ ശുപാർശ ചെയ്തിരിക്കുന്ന രാസവളത്തിന്റെ പകുതി അളവ് ചേർത്തു കൊടുത്താൽ മതി.

**അലങ്കാരച്ചെടികൾ:** കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ അലങ്കാരച്ചെടികൾ കൃഷിചെയ്യുന്നത് വർധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഡ്രസീന, ഹെലിക്കോണിയ എന്നീ ചെടികൾ റബ്ബറിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. ഇന്ത്യയിലും വിദേശത്തും നല്ല വിപണിസാധ്യതയുളള ഈ അലങ്കാരച്ചെടികൾക്കു കാര്യമായ പരിചരണങ്ങൾ ആവശ്യമില്ല. രോഗകീടബാധയും താരതമ്യേന കുറവാണ്.

**തേനീച്ചവളർത്തൽ:** തേനീച്ചവളർത്തലിൽ നിന്നുള്ള പ്രധാന ഉത്പന്നം തേനാണ്. കൂടാതെ മെഴുക്, പൂമ്പൊടി, തേനീച്ച വിഷം, പ്രൊപ്പോളിസ്, റോയൽ ജെല്ലി എന്നിവയാണ് തേനീച്ചവളർത്തലിൽ നിന്നു ലഭ്യമാകുന്ന മറ്റുത്പന്നങ്ങൾ. റബ്ബർതോട്ടങ്ങളിൽ തേനുത്പാദനത്തിനായി സാധാരണമായി *എപിസ് സെറാന ഇൻഡിക്ക* (ഇന്ത്യൻ തേനീച്ച) എന്ന തേനീച്ചയെ ആണ് ഉപയോഗിക്കുന്നത്. ചെറുതേനീച്ചയെയും *(മെലിയോപോണ ഇറിഡിപെന്നിസ്)* റബ്ബർതോട്ടങ്ങളിൽ വളർത്താവുന്നതാണ്. റബ്ബർമരങ്ങളിൽ സ്വാഭാവിക ഇലകൊഴിച്ചിലിനു ശേഷം വരുന്ന പുതിയ ഇലകൾ വിടർന്നതിനുശേഷം ഫെബ്രുവരി മുതൽ മാർച്ച് പകുതി വരെയും പുതുമഴ കഴിഞ്ഞ് രണ്ടാം തളിർപ്പ് വരുന്ന ഏപ്രിൽ മുതൽ മെയ് വരെയുമാണ് കേരളത്തിലെ പ്രധാന തേൻകാലം. തേൻ, പൂമ്പൊടി ഇവയുടെ ലഭ്യതയനുസരിച്ച് ഒരു ഹെക്ടർ സ്ഥലത്ത് ഇന്ത്യൻ തേനീച്ചയാണെങ്കിൽ ശരാശരി 50 കോളനികൾവരെയും ചെറുതേനീച്ചയാണെങ്കിൽ 100



*റബ്ബർതോട്ടത്തിൽ തേനീച്ചപ്പെട്ടികൾ സ്ഥാപിച്ചിരിക്കുന്നു*

കോളനികൾവരെയും വെയ്ക്കാം. കൂടുതൽ വെയിലേൽക്കുന്ന സ്ഥലത്തോ, ഈർപ്പം കൂടിയ സ്ഥലത്തോ കോളനികൾ സ്ഥാപിക്കരുത്. മൃഗങ്ങളുടെ സാന്നിധ്യമുള്ള സ്ഥലങ്ങളും ഒഴിവാക്കണം. പുതുതായി തേനിച്ചവളർത്തൽ ആരംഭിക്കുന്നവർ തേനീച്ചവളർത്തൽ പരിശീലന പരിപാടികളിൽ പങ്കെടുത്ത് പരമാവധി കാര്യങ്ങൾ മനസ്സിലാക്കണം. തുടക്കത്തിൽ ഒന്നോ രണ്ടോ പെട്ടികൾ മാത്രം സ്ഥാപിച്ച് പരിചരണമുറകൾ പഠിച്ചശേഷം പിന്നീട് പെട്ടികളുടെ എണ്ണം ക്രമേണ വർദ്ധിപ്പിക്കുന്നതായിരിക്കും നല്ലത്.

**മത്സ്യക്കൃഷി:** റബ്ബറിന്റെ ഇടനിരകളിൽ മണ്ണിൽ കുഴിയെടുത്ത് ടാർപോളിൻ അഥവാ സിൽപോളിൻ ഷീറ്റുകൾ വിരിച്ച് മീൻകുളം നിർമിക്കാം. ലഭ്യമായ സ്ഥലത്തിന് ആനുപാതികമായി വേണം കുളത്തിന്റെ ആകൃതി നിശ്ചയിക്കാൻ. കുളത്തിൽ അഞ്ചടി ആഴത്തിൽ വെള്ളം നിറയ്ക്കത്തക്ക രീതിയിൽ വേണം ആഴം ക്രമീകരിക്കേണ്ടത്. അമിതമായി ആഴം വധിപ്പിക്കുന്നതുകൊണ്ട് കൂടുതൽ മത്സ്യങ്ങളെ വളർത്താൻ സാധിക്കില്ല എന്നുമാത്രമല്ല കുളത്തിന്റെ പരിപാലനവും മീനിന്റെ വിളവെടുപ്പും കൂടുതൽ പ്രയാസകരവുമായിരിക്കും.

ജെ.സി.ബി. ഉപയോഗിച്ച് കുളം നിർമിക്കുകയാണെങ്കിൽ കുളം താഴ്ത്തിയതിനുശേഷം കുളത്തിന്റെ അടിത്തട്ട് ശരിക്കും നിരപ്പാക്കണം . കൂടാതെ അടിത്തട്ടിൽ



*മത്സ്യക്കൃഷി*

കല്ലും മറ്റും ഉണ്ടെങ്കിൽ മാറ്റണം. 200 ജി.എസ്.എം. എങ്കിലും കട്ടിയുള്ള ഷീറ്റുകൾ വേണം അടിത്തട്ടിൽ വിരിക്കുന്നതിനായി ഉപയോഗിക്കേണ്ടത്. സൂര്യപ്രകാശം നേരിട്ട് അടിക്കാൻ സാധ്യതയുള്ള സ്ഥലമാണെങ്കിൽ വിപണിയിൽ ലഭ്യമായ അഗ്രോഷെയ്ഡ് നെറ്റ് കുളത്തിന്റെ മുകളിൽ വിരിക്കണം. ഇങ്ങനെ ചെയ്തില്ലെങ്കിൽ കുളത്തിൽ അമിതമായി പ്ലവകങ്ങൾ വളരുന്നതിന് സാധ്യതയുണ്ട്. മത്സ്യങ്ങളുടെ വളർച്ചയ്ക്ക് വെള്ളത്തിൽ വേണ്ടത്ര ഓക്സിജൻ ആവശ്യമായതിനാൽ കുളത്തിൽ വായുകടത്തി വിടുന്നതിനുള്ള എയറേറ്റർ വെക്കണം. കുളത്തിലെ വെള്ളത്തിന്റെ അളവിന് ആനുപാതികമായി വേണം എയറേറ്ററിന്റെ കപ്പാസിറ്റി നിശ്ചയിക്കാൻ. കുളത്തിൽ വെള്ളം നിറച്ച് എയറേറ്റർ വെച്ചതിനുശേഷം മാത്രമേ മത്സ്യകുഞ്ഞുങ്ങളെ വളർത്താനായി തുറന്നു വിടാവൂ.

ഗിഫ്റ്റ് തിലാപ്പിയ മത്സ്യങ്ങൾ ആണ് ഇത്തരത്തിൽ കൃഷിചെയ്യുന്നതിന് അഭികാമ്യം. 20 ചതുരശ്ര മീറ്റർ (അരസെന്റ്) വിസ്തൃതിയുള്ള സ്ഥലത്ത് നിർമിക്കുന്ന കുളത്തിൽ തിലാപ്പിയ അല്ലെങ്കിൽ വാള ഏകദേശം 250 എണ്ണം, അനബാസ്, 500 എണ്ണം, വരാൽ ഏകദേശം 150–200 എണ്ണം വളർത്താവുന്നതാണ്. വാളയോ അനബാസോ വളർത്തുകയാണെങ്കിൽ ഇത് കുളത്തിൽ നിന്നു ചാടിപ്പോകാൻ സാധ്യതയുള്ളതിനാൽ കുളത്തിന്റെ ആഴം കൂട്ടുകയോ കുളത്തിന്റെ തിട്ടയുടെ ഉയരം കൂട്ടുകയോ ചെയ്യണം. വെള്ളത്തിന്റെ ആഴം കൂട്ടേണ്ട ആവശ്യമില്ല.

മേൽപറഞ്ഞവ കൂടാതെ കന്നുകാലി പരിപാലനം, ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയാണ് റബ്ബറിനൊപ്പം നടത്താവുന്ന സംയോജിതകൃഷികൾ. സംയോജിതകൃഷി എന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. റബ്ബറിൽ നിന്നുള്ള ആദായത്തെ മാത്രം ആശ്രയിക്കുന്ന കർഷകർക്ക് ഇക്കാര്യത്തിൽ കൂടുതൽ അറിവും പരിശീലനവുമാണ് വേണ്ടത്. റബ്ബർതോട്ടങ്ങളിലെ സംയോജിതകൃഷി ചെറുകിടകർഷകരുടെ വരുമാനസാധ്യതകൾ വർദ്ധിപ്പിക്കാൻ വലിയ സഹായമാണ് ചെയ്യുന്നത്. ഈ രീതിയിലൂടെ കൃഷിക്ക് പുതുമയും വരുമാനത്തിന് ഉറപ്പുമാണ് ലഭിക്കുന്നത്. ●

# സമൂഹ റബ്ബർപാൽസംസ്കരണകേന്ദ്രം ഉദ്ഘാടനം ചെയ്തു




*റബ്ബർപാൽസംസ്കരണകേന്ദ്രം എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്യുന്നു*

മൂവാറ്റുപുഴ റീജിയണൽ ഓഫീസിന്റെ പരിധിയിൽ പാണംകുഴിയിൽ പ്രവർത്തിച്ചുവരുന്ന നെടുമ്പാറ-പാണംകുഴി റബ്ബറുത്പാദകസംഘം റബ്ബർബോർഡിന്റെ സാമ്പത്തികസഹായത്തോടെ പണികഴിപ്പിച്ച പരിസ്ഥിതിസൗഹൃദ സമൂഹ റബ്ബർപാൽസംസ്കരണകേന്ദ്രം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു.

സംഘം പ്രസിഡന്റ് സാജു കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. മുഖ്യപ്രഭാഷണം നടത്തി. വേങ്ങൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ശില്പ സുധീഷ്, റബ്ബർബോർഡിലെ ജോയിന്റ് ഡയറക്ടർ (പ്രോസസ്സിങ് ആന്റ് ക്വാളിറ്റി കൺട്രോൾ) പി. അറുമുഖം, മൂവാറ്റുപുഴ റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ സാലിമോൾ ഈപ്പൻ, വേങ്ങൂർ ഗ്രാമപ്പഞ്ചായത്ത് മെമ്പർ വിനു സാഗർ, ഡെവലപ്മെന്റ് ഓഫീസർ ആർ. ശോഭന, പെരിയാർ ലാറ്റക്സ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ ബ്ലസ്സി ജോസ്, കവണാർ ലാറ്റക്സ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ ഡി. രഞ്ജിത്ത്, റബ്ബറുത്പാദകസംഘം സെക്രട്ടറി വി.വൈ. ബേബി, സംഘം വൈസ് പ്രസിഡന്റ് റ്റി.പി. പൈലി എന്നിവർ സംസാരിച്ചു. •



*സദസ്സിന്റെ ഒരു ദൃശ്യം*






ചന്ദ്രലേഖ കെ.
ഡെവലപ്മെന്റ് ഓഫീസർ

# റബ്ബർബോർഡിന്റെ വികസനപദ്ധതികൾ

പ്രകൃതിദത്തറബ്ബർമേഖലയുടെ സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ അംഗീകരിച്ച വിവിധ ധനസഹായപദ്ധതികൾ റബ്ബർബോർഡ് നടപ്പാക്കിവരുന്നു.

റബ്ബർകൃഷി വികസനം, റബ്ബർപാൽ സംഭരണം, സമൂഹ റബ്ബർപാൽ സംസ്കരണശാലകളുടെ നിർമാണവും നവീകരണവും, റബ്ബർ നഴ്സറി വികസനം, യന്ത്രവത്കരണം; റബ്ബർ റോളർ, പുകപ്പുര തുടങ്ങിയവയ്ക്കുള്ള ധനസഹായപദ്ധതികൾക്കു പുറമെ റബ്ബറുത്പാദക സംഘങ്ങളുടെ രൂപീകരണവും ശാക്തീകരണവും, കർഷകർക്കായി ബോധന സെമിനാറുകൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പരിശീലനപരിപാടികൾ എന്നിവയ്ക്കായും റബ്ബർബോർഡ് പദ്ധതികൾ നടപ്പാക്കുന്നു. പട്ടികജാതി വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികളും നടപ്പാക്കുന്നുണ്ട്.

പരമ്പരാഗതമേഖലകളിലും പാരമ്പര്യേതര മേഖലകളിലും വടക്കുകിഴക്കൻ മേഖലകളിലും നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.

**ആവർത്തനക്കൃഷിയും പുതുക്കൃഷിയും**

പരമ്പരാഗത റബ്ബർകൃഷി മേഖലകളിൽ 2025-ൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്ത കർഷകർക്കാണ് ധനസഹായം ലഭിക്കുക. നാല് ഹെക്ടർ വരെ റബ്ബർകൃഷിയുള്ള കർഷകന് ഒരു ഹെക്ടർ തോട്ടത്തിന് രണ്ടു ഗഡുക്കളായി ആകെ 40,000 രൂപയാണ് ധനസഹായം നല്കുന്നത്. ഒരാൾക്ക് പരമാവധി ഒരു ഹെക്ടറിന് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

പാരമ്പര്യേതര റബ്ബർകൃഷിമേഖലകളിൽ (കർണാടക, ഗോവ, മഹാരാഷ്ട്ര, ഒഡീഷ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ) 2025-ൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്ത കർഷകർക്ക് പരമാവധി അഞ്ചു ഹെക്ടർ വരെ ധനസഹായം ലഭിക്കും. ഇവർക്ക് ഹെക്ടർ പ്രതി 50,000 രൂപയാണ് ധനസഹായമായി നൽകുന്നത്. ഈ മേഖലയിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്തിട്ടുള്ള പട്ടികജാതി വിഭാഗത്തിൽ പെട്ട കർഷകർക്ക് ഹെക്ടർപ്രതി രണ്ടുലക്ഷം രൂപ ധനസഹായം ലഭിക്കും. പരമാവധി അഞ്ച് ഹെക്ടറിനാണ് ധനസഹായം ലഭിക്കുന്നത്.

പരമ്പരാഗത റബ്ബർകൃഷിമേഖലകളിൽ പട്ടികവർഗ വികസനപദ്ധതി പ്രകാരം സംസ്ഥാനസർക്കാരുമായി



സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ പട്ടികവർഗത്തിൽ പ്പെട്ട കർഷകർക്ക് ഹെക്ടർ പ്രതി രണ്ടു ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതിവിഹിതത്തിന്റെ 40 ശതമാനം ഇതിൽ ഏതാണോ കുറവ് ആ തുക ധനസഹായമായി ലഭിക്കുന്ന താണ്. പരമാവധി രണ്ട് ഹെക്ടറിനാണ് ഒരു കർഷകന് ധനസഹായം ലഭിക്കുന്നത്.

### ഗുണമേന്മയുള്ള റബ്ബർതൈകളുടെ ഉത്പാദനം

പാരമ്പര്യേതര റബ്ബർകൃഷി മേഖലകളായ കർണാടക, ഗോവ, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ ഗുണമേന്മയുള്ള റബ്ബർതൈകൾ ഉത്പാദിപ്പിക്കുന്നതിന് റബ്ബറുത്പാദക സംഘങ്ങൾക്ക് അല്ലെങ്കിൽ അവയുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങൾക്ക് ധനസഹായം നൽകും. സ്വന്തമാ യതോ പാട്ടത്തിന് എടുത്തതോ ആയ സ്ഥലത്ത് തൈകൾ ഉത്പാദിപ്പിക്കുന്നതിന് 2.60 ഹെക്ടർ സ്ഥലത്തിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി 2,50,000 രൂപയാണ് ധനസഹായം നൽകുക.

### റെയിൻഗാർഡിങ്

രാജ്യത്ത് റബ്ബർകൃഷിയുള്ള എല്ലാ പ്രദേശങ്ങളിലും 10 മുതൽ 25 വരെ വർഷം പ്രായമായ റബ്ബർമരങ്ങളിൽ മഴമറ (റെയിൻഗാർഡ്) പിടിപ്പിക്കുന്നതിന് റബ്ബറുത്പാദക സംഘങ്ങൾ മുഖേന ഹെക്ടർപ്രതി 4,000 രൂപ നിരക്കിൽ ഒരു കർഷകന് പരമാവധി രണ്ട് ഹെക്ടറിന് ധന സഹായം ലഭിക്കും.

### മരുന്നു തളി

പരമ്പരാഗത റബ്ബർകൃഷിമേഖല, പാരമ്പര്യേതര റബ്ബർകൃഷിമേഖല എന്നിവിടങ്ങളിൽ 10 മുതൽ 25 വർഷം വരെ പ്രായമായ റബ്ബർമരങ്ങളിൽ മരുന്നു തളിക്കുന്നതിന് റബ്ബറുത്പാദകസംഘങ്ങൾ മുഖേന ഹെക്ടർ പ്രതി 4,000 രൂപ നിരക്കിൽ ഒരു കർഷകന് പരമാവധി രണ്ട് ഹെക്ടറിന് ധനസഹായം ലഭിക്കും.

### ഉത്പാദകസംഘങ്ങൾ, റബ്ബർടാപ്പർ ഗ്രൂപ്പുകൾ, ലേബർ ഗ്രൂപ്പുകൾ, കർഷക ക്ലസ്റ്ററുകൾ, സ്വാശ്രയ സംഘങ്ങൾ

പരമ്പരാഗത റബ്ബർകൃഷിമേഖലയിൽ പുതുതായി റബ്ബറുത്പാദകസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, റബ്ബർടാപ്പർ ഗ്രൂപ്പുകൾ, ലേബർ ഗ്രൂപ്പുകൾ എന്നിവയും പാരമ്പര്യേതര റബ്ബർകൃഷിമേഖലയിൽ പുതുതായി റബ്ബറുത്പാദകസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, റബ്ബർ ടാപ്പർ ഗ്രൂപ്പുകൾ, ലേബർ ഗ്രൂപ്പുകൾ, കർഷക ക്ലസ്റ്ററുകൾ എന്നിവയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പുതു തായി റബ്ബറുത്പാദകസംഘങ്ങൾ, റബ്ബർ ഗ്രോവേഴ്സ് സൊസൈറ്റികൾ, റബ്ബർടാപ്പർ ഗ്രൂപ്പുകൾ, ലേബർ ഗ്രൂപ്പു കൾ, കർഷക ക്ലസ്റ്ററുകൾ എന്നിവയും ആരംഭിക്കുന്ന തിന് ഒരു ഗ്രൂപ്പിന് 5,000 രൂപ അല്ലെങ്കിൽ ചെലവായ തുക ഏതാണോ കുറവ്, അത് ധനസഹായമായി നല് കുന്നതാണ്.

### സമൂഹസംസ്കരണ ശാലകളുടെ നവീകരണം

റബ്ബറുത്പാദകസംഘങ്ങളോടനുബന്ധിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമൂഹസംസ്കരണശാല കളുടെ നവീകരണത്തിനായി പരമാവധി ആറുലക്ഷം രൂപയോ ആകെ ചെലവായ തുകയുടെ 50 ശതമാനമോ ഏതാണ് കുറവ്, ആ തുക ധനസഹായമായി നൽകുന്നു. രാജ്യത്ത് റബ്ബർകൃഷിയുള്ള എല്ലാ പ്രദേശങ്ങളിലും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.









**ട്രോളി മോഡൽ പുകപ്പുരകളുടെ നിർമാണം**

റബ്ബറുത്പാദകസംഘങ്ങളോട് അനുബന്ധിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമൂഹ സംസ്കരണശാലകളിൽ അധികമായി ട്രോളി മോഡൽ പുകപ്പുര (500 കി. ഗ്രാം ശേഷിയുള്ളത്) നിർമിക്കുന്നതിന് അഞ്ചുലക്ഷം രൂപയോ ചെലവായ തുകയുടെ 50 ശതമാനമോ അതിൽ ഏതാണോ കുറവ്, ആ തുക ധനസഹായമായി പരമ്പരാഗത മേഖല, പാരമ്പര്യേതര മേഖല എന്നിവിടങ്ങളിൽ നൽകുന്നു.

**മലിനജല സംസ്ക്കരണ പ്ലാന്റുകളുടെ നിർമാണം**

റബ്ബറുത്പാദകസംഘങ്ങളോട് അനുബന്ധിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമൂഹ സംസ്കരണശാലകളിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമിക്കുന്നതിന് പരമാവധി അഞ്ചുലക്ഷം രൂപയോ ആകെ ചെലവായ തുകയുടെ 50 ശതമാനമോ ഇതിൽ ഏതാണോ കുറവ് ആ തുക ധനസഹായമായി പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും നൽകുന്നു.

**റബ്ബറുത്പാദകസംഘങ്ങൾക്ക് ഉപകരണങ്ങൾ**

റബ്ബർപാൽ ശേഖരണം നടത്തുന്ന റബ്ബറുത്പാദക സംഘങ്ങൾക്ക് ഹോട്ട് എയർ ഓവൻ, പ്ലാറ്റ്ഫോം ബാലൻസ്, ഡിജിറ്റൽ ബാലൻസ് എന്നിവ വാങ്ങുന്നതിന് 40,000 രൂപയോ ചെലവായ തുകയുടെ 50 ശതമാനമോ ഇതിൽ ഏതാണോ കുറവ് അത് നൽകുന്നു. രാജ്യത്ത് റബ്ബർകൃഷിയുള്ള എല്ലാ പ്രദേശങ്ങളിലും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

**സ്പ്രേയർ അല്ലെങ്കിൽ ഡസ്റ്റർ**

റബ്ബറുത്പാദകസംഘങ്ങൾക്കോ റബ്ബർബോർഡു കമ്പനികൾക്കോ സ്പ്രേയർ അല്ലെങ്കിൽ ഡസ്റ്റർ വാങ്ങുന്നതിന് 30,000 രൂപയോ ചെലവായ തുകയുടെ 50 ശതമാനമോ ഇതിൽ ഏതാണോ കുറവ് അത് നൽകുന്നു. ഈ പദ്ധതിയുടെ ആനുകൂല്യം പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലുമാണ് ലഭിക്കുന്നത്.

**പുകപ്പുരകളുടെ നിർമാണം**

പരമ്പരാഗത മേഖല, പാരമ്പര്യേതര മേഖല എന്നിവിടങ്ങളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട റബ്ബർകർഷകർക്ക് പുതുതായി പുകപ്പുര നിർമിക്കുന്നതിനോ അംഗീകൃത ഏജൻസികളിൽനിന്നും റെഡിമെയ്ഡ് പുകപ്പുരകൾ വാങ്ങുന്നതിനോ 40,000 രൂപയോ അല്ലെങ്കിൽ ചെലവായ തുകയുടെ 80 ശതമാനമോ, ഇതിൽ ഏതാണോ കുറവ് ആ തുക ധനസഹായമായി നൽകുന്നു.

**റബ്ബർറോളറുകൾ**

രാജ്യത്ത് റബ്ബർകൃഷിയുള്ള എല്ലാ പ്രദേശങ്ങളിലേയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട റബ്ബർകർഷകർക്ക് കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്നതോ മോട്ടോർ ഘടിപ്പിച്ചതോ ആയ റബ്ബർറോളറുകൾ പുതുതായി വാങ്ങുന്നതിന് 40,000 രൂപയോ ചെലവായ തുകയുടെ 80 ശതമാനമോ, ഇതിൽ ഏതാണോ കുറവ് ആ തുക ധനസഹായമായി നൽകുന്നു.

**പരിശീലനപരിപാടികൾ**

രാജ്യത്ത് റബ്ബർകൃഷിയുള്ള എല്ലാ പ്രദേശങ്ങളിലേയും റബ്ബറുത്പാദകസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, കർഷക ഗ്രൂപ്പുകൾ, റബ്ബർടാപ്പർ ഗ്രൂപ്പുകൾ എന്നിവയ്ക്ക് പരിശീലന പരിപാടികൾ, സെമിനാറുകൾ, ഗ്രൂപ്പ് മീറ്റിങ്ങുകൾ, ശാസ്ത്രദർശൻ, കാംപെയ്ൻ എന്നീ പരിപാടികൾ നടത്തുന്നതിന് പരമാവധി 5,000 രൂപയോ അല്ലെങ്കിൽ ചെലവായ തുകയോ, ഇതിൽ ഏതാണോ കുറവ് അത് നൽകുന്നു.

**ടാപ്പിങ്പരിശീലനം**

രാജ്യത്ത് റബ്ബർകൃഷിയുള്ള എല്ലാ പ്രദേശങ്ങളിലും എട്ട് ദിവസം നീണ്ടു നിൽക്കുന്ന ടാപ്പിങ് പരിശീലനപരിപാടിക്ക് (ടാപ്പേഴ്സ് ഇന്റൻസീവ് സ്കിൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാം - TISP) 8,000 രൂപ ധനസഹായം നല്കുന്നു.

പരമ്പരാഗത മേഖലയിലും വടക്കുകിഴക്കൻ മേഖലയിലും ടാപ്പിങ് സ്കിൽ ഡെവലപ്മെന്റ് സ്കൂളുകളിലോ മോഡിഫൈഡ് ടാപ്പിങ് സ്കിൽ ഡെവലപ്മെന്റ് സ്കൂളുകളിലോ നടത്തുന്ന ടാപ്പിങ് പരിശീലനപരിപാടികൾക്ക് ഒരു ബാച്ചിന് 35,000 രൂപ ധനസഹായമായി നൽകുന്നു.

**രോഗനിയന്ത്രണം**

പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും റബ്ബർതോട്ടങ്ങളിൽ ആകസ്മികമായി ഉണ്ടാകുന്ന രോഗങ്ങളുടെ നിയന്ത്രണത്തിന് ഹെക്ടർ പ്രതി 3000 രൂപ റബ്ബറുത്പാദകസംഘങ്ങൾ മുഖേന കർഷകർക്ക് നൽകുന്നു.

**പഠനയാത്രകൾ**

വിജ്ഞാനപ്രദമായ പഠനയാത്രകൾ നടത്തുന്നതിന് വടക്കുകിഴക്കൻ മേഖലയിൽ 15 പേർ അടങ്ങിയ ഗ്രൂപ്പിന് പരമാവധി 33,000 രൂപ ധനസഹായം നൽകുന്നു.

പരിശീലനപരിപാടികൾ, പഠനയാത്ര എന്നീ പദ്ധതികൾക്ക് ഒഴികെ ബാക്കി എല്ലാ പദ്ധതികൾക്കും അപേക്ഷ സമർപ്പിക്കേണ്ടത് 'സർവ്വീസ് പ്ലസ്' പോർട്ടൽ മുഖേന ഓൺലൈനായിട്ടാണ്.

പുതുതായി സമൂഹ റബ്ബർപാൽ സംസ്കരണശാലകൾ നിർമിക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമത്തിനും ഉള്ള വിവിധ ധനസഹായ പദ്ധതികളും കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച പദ്ധതികളിൽ ഉൾപെടുന്നു. ●





ബിജു എം.എൻ.
അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ

# വിയിറ്റോ വില്ലേജിന്റെ വിജയഗാഥ

ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ നാഗാലാൻഡ് കുന്നിൻചെരിവുകളും പച്ചപ്പ് നിറഞ്ഞ താഴ്‌വരകളും അരുവികളും കൊണ്ട് പ്രകൃതിരമണീയമാണ്. ഇവിടുത്തെ 'ഹോൺബിൽ ഫെസ്റ്റ്' പോലെയുള്ള ഉത്സവങ്ങൾ പ്രശസ്തമാണ്. അംഗമി, ആവോ, ചാവേസാങ്ങ്, സുമി, റെങ്മ, ലോത്ത, കചാരി, സെലിയാങ്, കുക്കി, കൊന്യാക് മുതലായ ഗോത്രവർഗക്കാരുടെ നാടാണ് നാഗാലാൻഡ്. ഇംഗ്ലീഷ് ആണ് നാഗാലാൻഡിന്റെ ഔദ്യോഗികഭാഷയെങ്കിലും നാഗാമീസ് വ്യാപകമായി സംസാരിക്കുന്ന ഭാഷയാണ്. കൂടാതെ ഇവിടെയുള്ളവർ വേറെ ഭാഷകളും ഭാഷാഭേദങ്ങളും ആശയവിനിമയത്തിന് ഉപയോഗിക്കുന്നുണ്ട്.

നാഗാലാൻഡ് ജനതയിൽ ബഹുഭൂരിഭാഗവും ഗ്രാമങ്ങളിൽ താമസിച്ച് കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഇവിടെ റബ്ബർകൃഷി ആരംഭിക്കുന്നത് 2000-ൽ വോഖ എന്ന ജില്ലയിലാണ്. നാഗാലാൻഡിലെ റബ്ബർകൃഷിക്ക് മുൻകൈ എടുത്തത് അവിടെ ലാന്റ് റിസോഴ്സ് ഡിപ്പാർട്ട്മെന്റിലെ മുൻ ഡയറക്ടറും ടെക്നോക്രാറ്റുമായ മഹതുങ് യന്തന്റെ നേതൃത്വത്തിലാണ്. പരിസ്ഥിതിക്ക് യോജിച്ച കൃഷിരീതികളിലൂടെ സാമ്പത്തികനേട്ടം കൈവരിക്കുക എന്നതായിരുന്നു ലക്ഷ്യം.

2019-20 ആയപ്പോഴേക്കും റബ്ബർതോട്ടങ്ങളുടെ വിസ്തൃതി 19,123 ഹെക്ടർ ആയി കൂടി. ഇത് നാഗാലാൻഡിന്റെ മൊത്തം വിസ്തൃതിയുടെ ഏകദേശം 1.15 ശതമാനം വരും. റബ്ബർബോർഡും പ്രമുഖ റബ്ബർകമ്പനികളും ചേർന്ന് 2021 മുതൽ നടപ്പാക്കിവരുന്ന ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് (INROAD) പദ്ധതിയുടെ കീഴിൽ നാഗാലാൻഡിൽ ഏകദേശം 8,000 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്തിട്ടുണ്ട്.

നാഗാലാൻഡിൽ 2021-ൽ രൂപവത്കരിക്കപ്പെട്ട ജില്ലയാണ് ന്യൂ ലാൻഡ്. വിവിധ ഗോത്രങ്ങളിൽ പെട്ടവർ ഈ ജില്ലയിൽ താമസിക്കുന്നുണ്ട്. ദിമാപൂർ, കോഹിമ എന്നീ പ്രധാനപ്പെട്ട ജില്ലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ഇവിടെ വാണിജ്യ സാധ്യതകൾ ഏറെയുണ്ട്. ദിമാപൂരിൽ നിന്നും ഏകദേശം 36 കിലോമീറ്റർ അകലെ ന്യൂ ലാൻഡ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് വിയിറ്റോ. ഇവിടെയുള്ളവർ വിവിധ ആവശ്യങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് ദിമാപൂരിനെയാണ്. സംസ്ഥാനസർക്കാരിന്റെ പദ്ധതികളും സബ്സിഡിയോടെയുള്ള തൈ വിതരണവും റബ്ബർ



*വിയിറ്റോ വില്ലേജിലെ റബ്ബർപാൽ സംസ്കരണകേന്ദ്രം ഉദ്ഘാടനം ചെയ്ത വേളയിലെ ദൃശ്യം*

ബോർഡിന്റെ സാങ്കേതികപിന്തുണയുമാണ് ഇവിടെയുള്ള കർഷകരെ റബ്ബർകൃഷിയിൽ ആകൃഷ്ടരാക്കിയത്.

നോർത്ത് ഈസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആന്റ് റിസേർച്ച് (NEISSR) അസിസ്റ്റന്റ് പ്രൊഫസർ ഫാദർ ഡോ. റോബിൻ തോമസിന്റെ നേതൃത്വത്തിൽ ഗവേഷണവിദ്യാർത്ഥികൾ 'ന്യൂ ലാൻഡിലെ റബ്ബർകർഷകരുടെ ശേഷികളും സാധ്യതകളും' എന്ന വിഷയത്തിൽ ഒരു പഠനം നടത്തുകയുണ്ടായി. റബ്ബർകൃഷിയുടെ സാധ്യതകളും അവസരങ്ങളും, യുവതലമുറയ്ക്ക് കൃഷിയോടുള്ള ആഭിമുഖ്യം, ഈ മേഖലയിലെ തൊഴിലവസരങ്ങൾ മുതലായ കാര്യങ്ങൾ മനസ്സിലാക്കുക എന്നതായിരുന്നു പഠനത്തിന്റെ ഉദ്ദേശ്യം. ന്യൂ ലാൻഡിലെ 432 കർഷകരിൽ നിന്ന് ഇവർ ശേഖരിച്ച വിവരങ്ങളെ വിശകലനം നടത്തിയപ്പോൾ ഇവിടെ ടാപ്പു ചെയ്യാതെ കിടക്കുന്ന നിരവധി തോട്ടങ്ങൾ ഉണ്ടെന്നും ശാസ്ത്രീയമായ സംസ്കരണരീതികൾ അവലംബിക്കാത്തതിനാലും സംസ്കരണസാമഗ്രികളുടെ അഭാവം മൂലവും നല്ല ഗുണമേന്മയുള്ള ഷീറ്റുകൾ നിർമിക്കാൻ സാധിക്കാതെ വരുന്നതായും മനസ്സിലാക്കി. ഉത്പാദിപ്പിക്കുന്ന ഷീറ്റിന് അവർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുമില്ല.

2024 ഒക്ടോബർ മാസം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ന്യൂ ലാൻഡിലെ ടോക്ക മൾട്ടിപർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിച്ച റബ്ബർനഴ്സറി സന്ദർശിക്കുകയും ജില്ലയിലെ റബ്ബറിന്റെ സാധ്യതകളെപ്പറ്റി ആരായുകയും ചെയ്തു. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് വിയിറ്റോ ഗ്രാമത്തിന്റെ മുഖ്യ അധികാരി ദിമാത്തോ എന്ന പേരിൽ അറിയപ്പെടുന്ന വി. കാട്ടോ ഷിമോമീയുടെ നേതൃത്വത്തിൽ റബ്ബർബോർഡ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വിയിറ്റോ വില്ലേജ് റബ്ബറുത്പാദകസംഘം എന്ന പേരിൽ ഒരു റബ്ബറുത്പാദകസംഘം രൂപവത്ക്കരിച്ചു. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സമൂഹ റബ്ബർ സംസ്കരണശാല തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്ത നങ്ങൾ തുടങ്ങുകയും ചെയ്തു.



റബ്ബർബോർഡിലെ ഉദ്യോഗസ്ഥരായ പി. അറുമുഖം (ജോയിന്റ് ഡയറക്ടർ - പി. & ക്യൂ.സി.) ബിജു എം.എൻ. (അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ ), ആരിഫ് ഹുസൈൻ (അസിസ്റ്റന്റ് എൻജിനീയർ-സിവിൽ) എന്നിവർ സമൂഹ സംസ്കരണശാലയ്ക്കായി കണ്ടെത്തിയ സ്ഥലം സന്ദർശിക്കുകയും സംസ്കരണശാല നിർമിക്കുന്നതിനുള്ള സാമ്പത്തികസഹായ പദ്ധതിയിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്തു. റബ്ബർബോർഡിലെ മുൻ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ മാത്യു ജോസഫ് സി. രൂപകൽപന ചെയ്ത മാതൃകയിലാണ് ഈ സംസ്കരണശാല നിർമിച്ചത്. ടണൽ രീതിയിലുള്ള അടുപ്പിന്റെ നിർമാണത്തിന് നൈപുണ്യം ഉള്ള ആളുകൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഇല്ലാതിരുന്നതിനാൽ കേരളത്തിൽ നിന്ന് നൈപുണ്യമുള്ള തൊഴിലാളികളെ കൊണ്ടുവന്നാണ് നിർമാണം പൂർത്തിയാക്കിയത്. റബ്ബർ ബോർഡ് ഈ പദ്ധതിക്ക് 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

തുടർന്ന് 2025 ജൂൺ മാസത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നാഗാലാൻഡിലെ ആദ്യത്തെ റബ്ബർപാൽ സംസ്കരണകേന്ദ്രം വിയിറ്റോ വില്ലേജിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഈ മാതൃകയിൽ റബ്ബർബോർഡിന്റെ സാമ്പത്തിക സാങ്കേതികസഹായത്തോടെ മൂന്ന് റബ്ബർപാൽ സംസ്കരണകേന്ദ്രങ്ങളുടെ നിർമാണം നാഗാലാൻഡിൽ ആരംഭിച്ചിട്ടുണ്ട്. റബ്ബർബോർഡിന്റെ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ഈ മേഖലയിലെ ഗണ്യമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. •





ആരതി കൃഷ്ണൻ
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ



ജൂസി പി. ജോർജ്
ഡെവലപ്മെന്റ് ഓഫീസർ

## 'റബ്ബർ ചിഗുരു'

# വനിതാമുന്നേറ്റത്തിന്റെ പുതുനാമ്പ്

കർണാടകയിലെ ഉഡുപ്പി ജില്ലയിൽ പൻവേൽ-കന്യാകുമാരി ദേശീയപാതയിൽ ഷിരൂർ ടൗണിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ ബൈന്ദൂർ സംരക്ഷിതവനമേഖലയിൽ കൂടി സഞ്ചരിച്ചാൽ കർണാടകയിലെ പ്രസിദ്ധമായ 'അബ്ബി ഫാൾസ്' വെള്ളച്ചാട്ടത്തിനരികെയുള്ള മലയോര കുടിയേറ്റ പ്രദേശമായ അത്യാടിയിൽ എത്തിച്ചേരാം.

കൊല്ലൂർ മൂകാംബിക ക്ഷേത്രം സ്ഥിതി ചെയ്യുന്ന ബൈന്ദൂർ താലൂക്കിൽ യെടുത്തരെ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് ഏകദേശം 250-ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. തദ്ദേശീയരിൽ ഭൂരിഭാഗവും മലബാറിൽ നിന്നും മധ്യതിരുവിതാംകൂറിൽ നിന്നും ഉള്ള കുടിയേറ്റ കർഷകരായതുകൊണ്ടുതന്നെ കന്നഡയോടൊപ്പം മലയാളവും ഇവിടെയുള്ളവർ സംസാരിക്കുന്നു. ഈ മേഖലയിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം റബ്ബർ, കമുക്, നെല്ല് എന്നീ വിളകളിൽ നിന്നാണ്. 1980-കളിലാണ് ഇവിടെ റബ്ബർകൃഷി ആരംഭിച്ചത്.

കുന്ദാപുര റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള ഈ പ്രദേശത്തെ റബ്ബർകർഷകരെ ഉൾപെടുത്തി 2009-ൽ അത്യാടി റബ്ബറുത്പാദകസംഘം രൂപവത്കരിക്കപ്പെട്ടു. 2010 മുതൽ തന്നെ അംഗങ്ങളുടെ തോട്ടം പരിപാലനത്തിനാവശ്യമായ കാർഷികവസ്തുക്കളുടെ വിതരണം, കുമിൾരോഗങ്ങളുടെ നിയന്ത്രണത്തിനായുള്ള മരുന്നുതളി എന്നിവ സംഘം ഏറ്റെടുത്തു നടപ്പാക്കിയിരുന്നു. പിന്നീട്



*തേനീച്ചവളർത്തലിൽ പരിശീലനം നൽകുന്നു*



*കുൺകൃഷിയിൽ പരിശീലനം നൽകുന്നു*

റബ്ബറിന് വില കുറഞ്ഞപ്പോൾ സംഘത്തിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. ആ സമയത്ത് തോട്ടം പരിപാലനത്തിനും ടാപ്പിങ്ങിനും ആവശ്യത്തിന് തൊഴിലാളികളെയും കിട്ടാതായി. തന്മൂലം നിരവധി തോട്ടങ്ങൾ ടാപ്പുചെയ്യാതിരുന്നതിനാൽ പ്രദേശത്തെ റബ്ബറുത്പാദനം കുറയുകയും അത് ആളുകളുടെ വരുമാനത്തെ സാരമായി ബാധിക്കുകയും ചെയ്തു. തൊഴിലാളി ദൗർലഭ്യം അടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംഘത്തിന് കീഴിൽ ഒരു വനിതാ സ്വാശ്രയസംഘം രൂപവത്കരിക്കുന്നതിന് 2023 ഡിസംബറിൽ ചേർന്ന യോഗം തീരുമാനമെടുത്തു. തളിര് എന്നർത്ഥം വരുന്ന കന്നഡവാക്കിൽ നിന്നും 'റബ്ബർ ചിഗുരു' എന്ന പേര് സംഘാംഗം കൂടിയായ സലോമി നിർദേശിച്ചു. സ്വാശ്രയ സംഘത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കുന്ദാപുര റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ ജൂസി പി. ജോർജ് 2025 മാർച്ച് മാസം നിർവഹിച്ചു. അത്യാടി സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ വച്ച് കൂടിയ യോഗത്തിൽ അത്യാടി റബ്ബറുത്പാദക സംഘം പ്രസിഡന്റ് എബിൻ പോൾ അധ്യക്ഷത വഹിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ റെയിൻഗാർഡിങ്, സ്പ്രേയിങ് എന്നിവയ്ക്കുള്ള ധനസഹായപദ്ധതിയിൽ പ്രദേശത്തെ കർഷകർ ചേർന്നെങ്കിലും ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് തൊഴിലാളി ദൗർലഭ്യം ഒരു തടസ്സമായിരുന്നു. ഇത് പരിഹരിക്കുന്നതിനായി ഒരു സ്വാശ്രയസംഘം രൂപവത്കരിക്കാൻ തീരുമാനിക്കുകയും താൽപര്യമുള്ള 15 വനിതകളെ റബ്ബർബോർഡിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കുകയും ചെയ്തു. 2023 ഡിസംബർ മാസം അവർക്ക് എട്ട് ദിവസത്തെ ടാപ്പിങ് പരിശീലനവും നൽകി.

തൊഴിലാളി ദൗർലഭ്യം കാരണം ടാപ്പിങ് താൽക്കാലികമായി നിർത്തിവച്ചിരുന്ന ചെറുകിട കർഷക കുടുംബങ്ങളിൽപെട്ടവരായിരുന്നു സ്വാശ്രയസംഘത്തിലെ അംഗങ്ങളിൽ കൂടുതലും. ടാപ്പിങ് പരിശീലനത്തിനുശേഷം ഇവർ സ്വന്തം തോട്ടങ്ങളും അടുത്ത ബന്ധുക്കളുടെ തോട്ടങ്ങളും ടാപ്പുചെയ്യാൻ തീരുമാനിക്കുകയും അങ്ങനെ മുൻവർഷങ്ങളിൽ ടാപ്പുചെയ്യാതെ കിടന്നിരുന്ന കുറെ തോട്ടങ്ങളെ ടാപ്പിങ്ങിലേക്ക് കൊണ്ടുവരികയും ചെയ്തു.

2024 ഫെബ്രുവരി മാസത്തിൽ ഇവർക്കുവേണ്ടി റെയിൻഗാർഡിങ്ങിൽ ഒരു ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിച്ചു. 2023-24 വർഷത്തിൽ നടപ്പാക്കിയ പ്രത്യേക ധനസഹായപദ്ധതിയിൽ ഉൾപെടുത്തി അത്യാടി റബ്ബറുത്പാദകസംഘത്തിലെ അംഗങ്ങളായ 25-ഓളം റബ്ബർകർഷകരുടെ തോട്ടങ്ങളിൽ റെയിൻഗാർഡിങ് നടത്തുന്നതിന് ഇങ്ങനെ പരിശീലനം സിദ്ധിച്ചവരുടെ സേവനം സംഘം ഉപയോഗപ്പെടുത്തി.

മരങ്ങൾ റെയിൻഗാർഡ് ചെയ്തതുമൂലം 40-ഓളം ടാപ്പിങ്ദിനങ്ങൾ അധികമായി കിട്ടിയതിനാൽ ഹെക്ടർ പ്രതി ഏകദേശം 600 കിലോഗ്രാം ഷീറ്റുറബ്ബറും 100 കിലോഗ്രാം ഒട്ടുപാലും കൂടുതൽ ലഭിച്ചതായി അംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇത് ഹെക്ടർ പ്രതി ഏകദേശം 10000 രൂപ അധികവരുമാനം നേടുന്നതിന് കർഷകരെ സഹായിച്ചു.

കാലങ്ങളായി ഈ മേഖലയിലെ റബ്ബർകർഷകർ വിപണനം ചെയ്തിരുന്ന ഷീറ്റുകളിൽ 80 ശതമാനത്തോളം ആർ.എസ്.എസ്. അഞ്ചാം ഗ്രേഡോ അതിനു താഴെയോ ഉള്ളവയായിരുന്നു. റബ്ബർബോർഡ് പലപ്പോഴായി നടപ്പാക്കിയ ബോധവത്കരണ ക്ലാസ്സുകളിൽ നിന്ന് ഗുണമേന്മയുള്ള ഷീറ്റുകൾ നിർമിച്ചാൽ കിലോഗ്രാമിന് 10 രൂപ വരെ അധികവരുമാനം ഉണ്ടാക്കാമെന്ന് ഇവർ മനസിലാക്കുകയും അതിനായി പരിശീലനപരിപാടികൾ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 2024 ഫെബ്രുവരി മാസം മംഗലാപുരം റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ളതും ആർ.എസ്.എസ്. ഒന്നാം ഗ്രേഡ് അടക്കം ഗുണമേന്മയുള്ള ഷീറ്റുകൾ നിർമിക്കുന്നതുമായ മൂർജെ റബ്ബറുത്പാദകസംഘത്തിന്റെ സമൂഹസംസ്കരണശാലയിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിച്ചു. പഠനയാത്രയിൽ പങ്കെടുത്തവരിൽ കൂടുതലും സ്വാശ്രയസംഘത്തിലെ അംഗങ്ങൾ ആയിരുന്നു. ഉയർന്ന ഗുണമേന്മയുള്ള ഷീറ്റുകൾ നിർമിക്കുന്നതിന്റെ ശാസ്ത്രീയരീതി ഇവർ പഠിച്ചെടുക്കുകയും സ്വന്തം തോട്ടങ്ങളിൽ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തു. തൽഫലമായി ഇവർ ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ നിന്നുള്ള ഉത്പാദനത്തിന്റെ 75 ശതമാനത്തോളം ആർ.എസ്.എസ്. നാലാം ഗ്രേഡിലേക്ക് ഉയർത്തുന്നതിനും സാധിച്ചു.

റബ്ബറുത്പാദകസംഘത്തിൽ നിന്നുള്ള രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം റബ്ബർകൃഷി അനുബന്ധമേഖലയിൽ അധിക വരുമാനം നൽകുന്ന സംരംഭങ്ങൾ നടപ്പാക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് സംഘം വിശദമായി ചർച്ച ചെയ്തു. തേനീച്ചവളർത്തൽ, കൂൺകൃഷി എന്നീ സംരംഭങ്ങൾ വിജയകരമായി നടപ്പാക്കാൻ സാധിക്കുമെന്ന്

# പ്ലൈവുഡ് നിർമാണമേഖലയിൽ സുസ്ഥിരതയ്ക്കായി ധാരണാപത്രം



പ്ലൈവുഡ് നിർമാണമേഖലയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി പരിസ്ഥിതി സൗഹൃദ പശകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ റബ്ബർപാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും ബാംഗ്ലൂർ ആസ്ഥാനമായ എ.എൽ.റ്റി. മെറ്റീരിയൽ ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവെച്ചു. എറണാകുളത്ത് വളയഞ്ചിറങ്ങരയിലുള്ള റബ്ബർപാർക്കിന്റെ ഓഫീസിൽ വച്ചു നടന്ന ചടങ്ങിൽ റബ്ബർ പാർക്ക് ചെയർമാനും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ എം. വസന്തഗേശൻ ഐ.ആർ.എസ്.-ന്റെ സാന്നിധ്യത്തിൽ റബ്ബർപാർക്കിന്റെ മാനേജിങ് ഡയറക്ടർ ജോർജ് വി. ജെയിംസും എ.എൽ.റ്റി. മെറ്റീരിയൽ ഇന്നൊവേഷൻസ് ലിമിറ്റഡ് സി.ഇ.ഒ. അപൂർവ് ഗാർഗും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

പ്ലൈവുഡ്, പാനൽ ബോർഡ് എന്നിവയുടെ നിർമാണത്തിൽ നിലവിൽ ഉപയോഗിക്കുന്ന സിന്തറ്റിക് പശകൾക്ക് പകരം പരിസ്ഥിതി സൗഹൃദമായ ഒരു ബദൽ സംവിധാനം എന്ന നിലയിൽ, വിഷരഹിതവും ജൈവ-അധിഷ്ഠിതവും ഉയർന്ന ഗുണമേന്മയുള്ളതുമായ പശ നിർമിച്ചെടുക്കുക എന്നതാണ് ഈ ധാരണാപത്രത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ഇത് സമഗ്രവും സുസ്ഥിരവുമായ വ്യവസായവികസനത്തിന് അത്യന്താപേക്ഷിതമാണ്. റബ്ബർബോർഡിലെ ജോയിന്റ് ഡയറക്ടർ, (പി. ആന്റ് ക്യു.സി.) പി. അറുമുഖം, ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) ജി. ഉമാശങ്കർ എന്നിവരും ഫോറോസ്റ്റർ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ ജോസ് പോൾ, കുസാറ്റിലെ മുൻ വകുപ്പ് മേധാവി ഡോ. റാണി ജോസഫ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. •




*ടാപ്പിങ് പരിശീലനം*

റബ്ബർബോർഡ് നിർദേശിച്ചതിന്റെ ഫലമായി റബ്ബർ ബോർഡിന്റെ 2024-25 സാമ്പത്തികവർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദാപുര റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ തേനീച്ചവളർത്തലിലും കൂൺകൃഷിയിലും ഓരോ പരിശീലനപരിപാടികൾ സ്വാശ്രയസംഘത്തിനു വേണ്ടി സംഘടിപ്പിച്ചു.

തേൻ, കൂൺ എന്നിവയുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും നിർമാണരീതികളും വിപണനസാധ്യതകളും വിശദമായി ചർച്ച ചെയ്തു. തേനീച്ചക്കോളനികൾ, കൂടുകൾ, അനുബന്ധ ഉപകരണങ്ങൾ, കൂൺ വിത്തുകൾ എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട സേവനദാതാക്കളുടെ വിശദമായ വിവരങ്ങൾ സംഘടിപ്പിച്ച് വിപുലമായ രീതിയിൽ ഈ സംരംഭങ്ങൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് സ്വാശ്രയ സംഘം തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ സംഘത്തിലെ അംഗങ്ങളുടെ തോട്ടങ്ങളിൽ സാധ്യമായ അത്രയും തേനീച്ചക്കൂടുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിലേക്കായി കർണാടക സംസ്ഥാന കൃഷിവകുപ്പിൽ നിന്നോ നാഷണൽ ഹണി മിഷനിൽ നിന്നോ ധനസഹായങ്ങൾ ലഭ്യമാകുമോ എന്ന് അന്വേഷിച്ചുവരുന്നു.

കാലാവസ്ഥാവ്യതിയാനം, ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതെയിരിക്കുക, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ മൂലം കർണാടക ഉൾപ്പെടെയുള്ള പാരമ്പര്യേതര മേഖലകളിലെ റബ്ബർകൃഷി പിന്നോക്കം പോകുന്ന സാഹചര്യത്തിൽ സഹകരണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ഇത്തരം സ്വാശ്രയ സംഘങ്ങൾ റബ്ബർ-കാർഷികമേഖലയെ കൂടുതൽ അഭിവൃദ്ധിയിലേക്ക് നയിക്കുമെന്ന് പ്രതീക്ഷിക്കാം. •






ബി. ശ്രീകുമാർ
ഡെപ്യൂട്ടി ഡയറക്ടർ
(പി. ആന്റ് പി.ആർ.) ഇൻ-ചാർജ്

## വായനാനുഭവമായി

# ഒരു ആകാശവാണിക്കാലം

കാർഷികപ്രക്ഷേപണത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച മുരളീധരൻ തഴക്കരയുടെ മൂന്നുപതിറ്റാണ്ടു കാലത്തെ ആകാശവാണിയിലെ ഔദ്യോഗിക ജീവിതാനുഭവങ്ങളുടെ സമാഹാരമാണ് 'ഓർമ്മയിലെ ആകാശവാണിക്കാലം' എന്ന പുസ്തകം. 'മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ' എന്ന പംക്തിയിലൂടെ റബ്ബർമാസികയുടെ വായനക്കാർക്ക് സുപരിചിതനാണ് അദ്ദേഹം. ആകാശവാണിക്കൊപ്പമുള്ള ജീവിതത്തിൽ, കാർഷികരംഗത്തും പൊതുരംഗത്തും അദ്ദേഹത്തിന് അടുപ്പം ഉണ്ടായിരുന്ന മഹാ വ്യക്തിത്വങ്ങളുമായുള്ള ബന്ധങ്ങൾ, അവരുമായി നടത്തിയ മുഖാമുഖങ്ങൾ, കാർഷിക വിജയത്തിന്റെ അനുഭവസാക്ഷ്യങ്ങൾ, എന്നിവയെല്ലാം നല്ല വായനാനുഭവം നൽകുന്നവയാണ്. ഒരുകാലത്ത് കേരളത്തിലെ കർഷകരുടെ മാത്രമല്ല, എല്ലാ വിഭാഗത്തിൽ പെട്ടവരുടെയും വികാരമായിരുന്ന ആകാശവാണിയുടെ പ്രസക്തി ഇന്നും എത്രത്തോളം ഉണ്ട് എന്ന് ഈ പുസ്തകത്തിലൂടെ നമുക്ക് മനസ്സിലാക്കിത്തരാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്.

ആകാശവാണി തിരുവനന്തപുരം നിലയത്തിലെ കാർഷികഗ്രാമീണ വിഭാഗത്തിൽ പ്രോഗ്രാം എക്സിക്യൂട്ടീവ് ആയി ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചവേളയിൽ, ജീവിതത്തിന്റെ ഭാഗമായി ഒപ്പം കൊണ്ടുനടന്നിരുന്ന, നൂറുകണക്കിന് കർഷകരുടെ അനുഭവസാക്ഷ്യങ്ങൾ ശബ്ദലേഖനം ചെയ്യാൻ ഉപയോഗിച്ച മൈക്ക് അടങ്ങിയ ബാഗ്, ആകാശവാണിയിലേക്ക് മടക്കി നൽകിയപ്പോൾ ശരീരത്തിൽനിന്ന് ഒരു അവയവം നഷ്ടമായ മാനസികാവസ്ഥയായിരുന്നു എന്നും അത് സഹിക്കാൻ പറ്റാത്ത മനോവേദനയും നഷ്ടബോധവും ഉളവാക്കി എന്നും പുസ്തകത്തിൽ തഴക്കര പറയുന്നുണ്ട്. അത് ആകാശവാണിയോടും തന്റെ തൊഴിലിനോടും കർഷകരോടും അദ്ദേഹം പുലർത്തിപ്പോന്ന പ്രതിബദ്ധതയുടെ തെളിവാണ്.

കാർഷികനന്മയുടെയും വൈവിധ്യത്തിന്റെയും നാടായ ഓണാട്ടുകരയുമായുള്ള വൈകാരികബന്ധം ആ നാട്ടുകാരനായ മുരളീധരൻ തഴക്കരയുടെ ആകാശവാണി കാർഷികപ്രോഗ്രാമുകളിലും എഴുത്തിലും തെളിഞ്ഞു നിൽക്കുന്നു. തിരുവിതാംകൂറിനെ ഒരു കാലത്ത് ഓണമൂട്ടിയിരുന്ന ഓണാട്ടുകരയുടെ കാർഷിക മഹത്വം ഇത്രയധികം ഹൃദ്യമായി അവതരിപ്പിച്ച മറ്റൊരു മാധ്യമവും വ്യക്തിയുമില്ല എന്ന് ഈ പുസ്തകം വായിക്കുമ്പോൾ തോന്നുന്നത് ഒരു അതിശയോക്തിയല്ല.

പൊതുജനപ്രക്ഷേപണമാധ്യമമായ ആകാശവാണിയുടെ അമൂല്യമായ ശബ്ദശേഖരത്തെക്കുറിച്ച് വിവരിക്കാൻ ഒരു അധ്യായം തന്നെ അദ്ദേഹം ഈ പുസ്തകത്തിൽ നീക്കിവെച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള മഹാന്മാരുടെ ശബ്ദം ഈ ശേഖരത്തിലുണ്ട്. വിനോദവും വിജ്ഞാനവും ജനമനസ്സുകളിലേക്ക് സന്നിവേശിപ്പിക്കുന്ന വിജ്ഞാനപ്രധാനമായ ചർച്ചകൾ കൂടാതെ, ദൃശ്യമാധ്യമങ്ങളിലുൾപ്പെടെ ഇന്ന് കാണുന്ന പല ജനപ്രിയ പരിപാടികളുടെയും വഴികാട്ടി ആകാശവാണിയാണെന്ന് ഈ പുസ്തകം മനസ്സിലാക്കിത്തരുന്നുണ്ട്.

ആകാശവാണിയിൽ ഉദ്യോഗസ്ഥരും പ്രശസ്ത കലാകാരന്മാരുമായിരുന്ന വിശിഷ്ട വ്യക്തികളെക്കുറിച്ചും

ആകാശവാണി ജനകീയമാക്കാൻ അവർ നൽകിയ സംഭാവനകളെക്കുറിച്ചും വിശദീകരിക്കുന്നു. ആകാശവാണിയിൽ നിത്യേന എത്തുന്ന കത്തുകളിൽനിന്ന് കൗതുകമുണർത്തുന്ന ഉള്ളടക്കങ്ങളും പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നു. ആകാശവാണിയോട് നാനാതരത്തിൽപെട്ട ജനവിഭാഗങ്ങൾക്കുള്ള ഇഴയടുപ്പത്തിന്റെ തെളിവാണ് ഈ കത്തുകൾ.

കഴിഞ്ഞ 50 വർഷമായി കാർഷികവാർത്തകളും കർഷകത്തൊഴിലാളി മുതൽ ശാസ്ത്രജ്ഞർ വരെയുള്ളവരെ ഉൾപെടുത്തിയുള്ള പ്രോഗ്രാമുകളും ആകാശവാണി പ്രക്ഷേപണം ചെയ്തുവരുന്നു. ആകാശവാണിയോട് ആത്മബന്ധം പുലർത്തിയിരുന്ന രാഷ്ട്രീയക്കാരെക്കുറിച്ചും പൊതുപ്രവർത്തകരെക്കുറിച്ചും പുസ്തകത്തിൽ പറയുന്നുണ്ട്. ആകാശവാണി പരിപാടികളോടുള്ള പ്രിയം കാരണം സ്വന്തം കൈയിൽ നിന്ന് പണം ചെലവഴിച്ച് പഞ്ചായത്തിലെ അംഗൻവാടികൾക്കും റേഡിയോ ഇല്ലാത്ത കുടുംബങ്ങൾക്കും ട്രാൻസിസ്റ്റർ വാങ്ങി നൽകിയ പഞ്ചായത്തംഗത്തെക്കുറിച്ചും പുസ്തകത്തിൽ പ്രതിപാദിക്കുന്നു.

റേഡിയോ ഗ്രാമരംഗം, നാട്ടിൻപുറം, തുടങ്ങിയ കാർഷിക ഗ്രാമീണ വികസനോന്മുഖ പരിപാടികൾ റേഡിയോ കിയോസ്കിനു സമീപം കൂട്ടം കൂടിയിരുന്നു കേൾക്കുകയും അത് കൂട്ടായി ചർച്ച ചെയ്യുകയും അങ്ങനെ അറിവുകളും കൃഷിയിൽ അനുവർത്തിക്കേണ്ട ശാസ്ത്രീയ പരിചരണമുറകളും മറ്റും സ്വായത്തമാക്കുകയും ചെയ്തിരുന്ന ഒരു കാലത്തേക്ക് പുസ്തകം നമ്മെ കൊണ്ടുപോകുന്നു. കാർഷികവിവരങ്ങൾ സമയബന്ധിതവും കാലിക പ്രസക്തവുമായ രീതിയിൽ പ്രചരിപ്പിക്കുന്നതിലൂടെ കർഷക സമൂഹത്തിലേക്ക് എത്തിച്ചേരുന്നതിൽ ആകാശവാണി നിർണായക പങ്ക് വഹിക്കുന്നു എന്നത് പുസ്തകം വ്യക്തമാക്കുന്നു.

മുരളീധരൻ തഴക്കരയുടെ മിക്കവാറും എല്ലാ പുസ്തകങ്ങളും ഗ്രാമീണജീവിതത്തെയും കൃഷിയെയും ആസ്പദമാക്കിക്കൊണ്ടുള്ളതാണ്. ലളിതമായശൈലിയിലുള്ള അദ്ദേഹത്തിന്റെ രചനയുടെ വൈഭവം എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിന്റെ ഭാഷയിൽ തന്നെ പറഞ്ഞാൽ, നന്മ നിറഞ്ഞ നാട്ടിൻപുറങ്ങളിലേക്കുള്ള ആകാശവാണിയുടെ തീർത്ഥയാത്രയുടെ നേർസാക്ഷ്യങ്ങൾ തന്നെയാണ് ഈ പുസ്തകവും. അദ്ദേഹത്തിന്റെ പതിനാലാമത്തെ പുസ്തകമാണിത്. 197 പേജുകളിൽ മുപ്പതിലധികം അദ്ധ്യായങ്ങളിലായാണ് പുസ്തകത്തിലെ വിവരണങ്ങൾ. പുസതകത്തിന് അവതാരിക എഴുതിയിരിക്കുന്നത് മുൻ സംസ്ഥാന കൃഷിവകുപ്പ് മന്ത്രിയും പ്രഭാഷകനുമായ മുല്ലക്കര രത്നാകരനാണ്.

കർഷകർക്ക് ആകാശവാണിയോട് എത്രമാത്രം വൈകാരിക ബന്ധമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാനുള്ള ഒരു അവസരം പുതുതലമുറയ്ക്കു നൽകുന്നതോടൊപ്പം, മുൻ തലമുറയിലുള്ളവർക്ക് ഗൃഹാതുരത്വം നൽകുന്ന ഒരു മടക്കയാത്രയുമാകുന്നു ഈ പുസ്തകം.

**ഓർമ്മയിലെ ആകാശവാണിക്കാലം**
മുരളീധരൻ തഴക്കര
പരിധി പബ്ലിക്കേഷൻസ്
വില : 315 രൂപ

## ഇ.യു.ഡി.ആർ.: റബ്ബർബോർഡ് ജിയോ മാപ്പിങ് തുടങ്ങി

ഇ.യു.ഡി.ആർ. ചട്ടങ്ങൾ പാലിച്ച് ഇന്ത്യയിൽ നിന്ന് യൂറോപ്യൻ യൂണിയനിലേക്കുള്ള റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും കയറ്റുമതി ഉറപ്പാക്കുന്നതിനായി റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ റബ്ബർതോട്ടങ്ങളുടെ ജിയോ മാപ്പിങ് നടന്നുവരുന്നു. പ്രകൃതിദത്തറബ്ബറും ഉത്പന്നങ്ങളും ഇപ്പോൾ യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായ ഉത്പന്നങ്ങളുടെ പട്ടികയിൽ ഉൾപെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റിസ്ക് കുറഞ്ഞ (low risk ) രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യയെ ഇപ്പോൾ ഉൾപെടുത്തിയിട്ടുള്ളത്. എങ്കിലും, തോട്ടങ്ങളുടെ ജിയോലൊക്കേഷനുകൾ ഉൾപെടെ വിതരണശൃംഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.

റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും കയറ്റുമതിയുമായി ബന്ധപ്പെട്ട് ട്രേസബിലിറ്റി സിസ്റ്റം (traceability system) വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇന്ത്യയിലെ റബ്ബർ വളരുന്ന പ്രദേശങ്ങൾ ഇപ്പോൾ മാപ്പ് ചെയ്യുന്നത്. ആദ്യഘട്ടത്തിൽ 10 ജില്ലകളെയാണ് ജിയോ മാപ്പിങ്ങിൽ ഉൾപെടുത്തിയിരിക്കുന്നത്. കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും കർണാടകയിലെ ദക്ഷിണ കന്നഡ ജില്ലയിലുമായി 20,000 ഹെക്ടർ റബ്ബർതോട്ടങ്ങൾ ഇതിനകം മാപ്പുചെയ്തിട്ടുണ്ട്. ജൂലൈ മാസം അവസാനത്തോടെ 50,000 ഹെക്ടർ റബ്ബർതോട്ടങ്ങളുടെ മാപ്പിങ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇന്ത്യയിൽ നിന്ന് ഒരു വർഷം 50,000 കോടി രൂപയുടെ റബ്ബറും റബ്ബറുത്പന്നങ്ങളുമാണ് കയറ്റുമതി ചെയ്യപ്പെടുന്നത്. ഇതിന്റെ ഏകദേശം 28 ശതമാനവും യൂറോപ്യൻ യൂണിയനിൽപെട്ട രാജ്യങ്ങളിലേക്കാണ് കയറ്റി അയയ്ക്കുന്നത്. ഇ.യു.ഡി.ആർ. മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ചൈന പോലുള്ള രാജ്യങ്ങൾ കാണിക്കുന്ന വിമുഖത ഇ.യു.ഡി.ആർ. മാനദണ്ഡങ്ങൾ പാലിക്കുന്ന ഇന്ത്യയ്ക്ക് ഭാവിയിൽ ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജിയോ മാപ്പിങ്ങിനായി ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രയമ്പു ടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (TRST01) എന്ന സ്ഥാപനത്തെയാണ് റബ്ബർബോർഡ് നിയോഗിച്ചിട്ടുള്ളത്. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തൃതി, റബ്ബർതോട്ടങ്ങളുടെ അതിരുകൾ തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് മാപ്പിങ് നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് ശേഖരിക്കുന്ന വിവരങ്ങൾ റബ്ബർബോർഡിന്റെ കേന്ദ്രീകൃത ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നതും വിവരങ്ങളുടെ രഹസ്യാത്മകത ഉറപ്പാക്കുകയും ചെയ്യുന്നതാണ്. ഇ.യു.ഡി.ആർ. -മായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവെയ്ക്കാനായി, തോട്ടമുടമകൾക്കും റബ്ബർഡീലർമാർക്കും സംസ്കർത്താക്കൾക്കും വ്യവസായികൾക്കുമായി അവബോധനപരിപാടികൾ റബ്ബർബോർഡ് സംഘടിപ്പിച്ചുവരുന്നു. റബ്ബർബോർഡിന്റെ ഈ ഉദ്യമത്തോട് കർഷകർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. •




ബെന്നി കെ.കെ.
പബ്ലിസിറ്റി ഓഫീസർ

# റബ്ബറിന് ഇടവിളയായി മൂട്ടിപ്പഴം

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നത് കർഷകർക്ക് അധിക വരുമാനത്തിനുള്ള ഒരു മാർഗമാണ്. തൈ നട്ട് ആദ്യ മൂന്നു വർഷങ്ങളിൽ വിവിധ വിളകൾ ഇടവിളയായി കൃഷി ചെയ്യാം. എന്നാൽ തൈകൾ വളർന്ന് ഇലച്ചിൽ കൂടുന്നതോടെ തോട്ടത്തിനുള്ളിൽ സൂര്യപ്രകാശം ലഭിക്കുന്നത് കുറയുന്നതിനാൽ ഇടവിളകളിൽ നിന്നുള്ള ഉത്പാദനം കുറയും. ഭാഗികമായ തണലിലും നന്നായി വളർന്ന് ന്യായമായ ഉത്പാദനം നൽകാൻ ശേഷിയുള്ള വിളകൾ മാത്രമേ ആ സമയത്ത് ആദായകരമായി കൃഷി ചെയ്യാൻ കഴിയൂ. കൊക്കോയും കാപ്പിയും ഇത്തരത്തിൽ കൃഷി ചെയ്യാൻ കഴിയുന്നതുകൊണ്ടാണ് റബ്ബർ ബോർഡ് അവയെ ഇടവിളയായി കൃഷി ചെയ്യാൻ ശുപാർശ ചെയ്തിരിക്കുന്നത്. തോട്ടത്തിനുള്ളിൽ പതിക്കുന്ന സൂര്യപ്രകാശത്തിന്റെ ഏറ്റക്കുറച്ചിലിനുസരിച്ച് ഇവയിൽ നിന്ന് കിട്ടുന്ന ഉത്പാദനത്തിലും വ്യതിയാനം ഉണ്ടാകും. ഇടവിളകൾ നടുകയാണെങ്കിൽ റബ്ബർതൈകൾ തമ്മിൽ കൃത്യമായ ഇടയകലം ഉണ്ടായിരിക്കണം.

ഒരു കാട്ടുപഴമായ മൂട്ടിപ്പഴത്തെ റബ്ബറിന് ഇടവിളയായി പരീക്ഷിക്കുകയാണ് തൊടുപുഴയ്ക്കടുത്ത് വണ്ണപ്പുറത്തുള്ള മലേക്കുടിയിൽ ബേബി ഏബ്രഹാം എന്ന കർഷകൻ. 'കാട്ടിലെ പഴം - നാട്ടിലെ കൗതുകം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന മൂട്ടിപ്പഴത്തെ സംരക്ഷിക്കാനും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താനും ജീവിതം ഉഴിഞ്ഞുവെച്ച വ്യക്തിയാണ് ബേബി.

*Baccourea courtallensis* എന്ന ശാസ്ത്ര നാമത്തിൽ അറിയപ്പെടുന്ന മൂട്ടിപ്പഴം സാധാരണമായി പശ്ചിമഘട്ടത്തിലെ ചോലവനങ്ങളിലാണ് കണ്ടുവരുന്നത്. ഇതിൽ ആൺമരവും പെൺമരവുമുണ്ട്. പെൺമരത്തിന്റെ തായ്ത്തടിയിൽ ചുവടുഭാഗത്ത് ആയിട്ടാണ് പഴങ്ങൾ ഉണ്ടാകുന്നത്. നെല്ലിക്കയുടെ വലിപ്പമുള്ള ചുവന്നു തുടുത്ത മൂട്ടിപ്പഴങ്ങൾ മുന്തിരിക്കുല പോലെ വിളഞ്ഞു കിടക്കുന്നത് കാണുന്നത് കണ്ണിന് കൗതുകകരമാണ്. ഫാം ടൂറിസം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ തോട്ടങ്ങളിൽ മൂട്ടിപ്പഴത്തിന്റെ തൈകൾ നട്ടുപിടിപ്പിക്കുന്നത് നന്നായിരിക്കും. മരത്തിന്റെ തായ്ത്തടി നിറയെ ചുവന്നു തുടുത്ത പഴങ്ങൾ നിൽക്കുന്ന മനോഹര കാഴ്ച സന്ദർശകരെ ആകർഷിക്കും. മൂട്ടിയുടെ ചില ഇനങ്ങളിൽ മഞ്ഞ നിറമുള്ള പഴങ്ങളും ഉണ്ടാകുന്നുണ്ട്.



നിറയെ മൂട്ടിപ്പഴം വിളഞ്ഞുകിടക്കുന്ന മരത്തിനു സമീപം ബേബി ഏബ്രഹാം

40 വർഷങ്ങൾക്കു മുമ്പ് ബേബിയുടെ സഹോദരന് ഇടുക്കിയിലെ വനമേഖലയിൽ നിന്ന് ലഭിച്ച മൂട്ടിപ്പഴത്തിന്റെ മൂന്നു തൈകൾ അദ്ദേഹം ബേബി ഏബ്രഹാമിന് നൽകി. ഒരു കൗതുകത്തിനായി ബേബി ഇവ തന്റെ വീടിനോട് ചേർന്ന് നട്ടുപിടിപ്പിച്ചു. അവയിൽ രണ്ടെണ്ണം പെൺമരവും ഒരെണ്ണം ആൺ മരവുമായിരുന്നു. ഈ മരങ്ങളിൽ നിറയെ കായ്കൾ ഉണ്ടായപ്പോൾ ബേബി ഇതിന്റെ ഗുണങ്ങളെക്കുറിച്ച് അന്വേഷിച്ചു. ചില ആദിവാസി വിഭാഗങ്ങൾ ഈ പഴങ്ങൾ ഔഷധമായി ഉപയോഗിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞു. തുടർന്ന് ഈ പഴങ്ങളുടെ ഔഷധ മൂല്യങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി വിവിധ ഏജൻസികളെ സമീപിച്ചു. അവർ നടത്തിയ പഠനങ്ങൾ പലതും ആശയ്ക്ക് വക നൽകുന്നുണ്ടെന്ന് കണ്ടതോടെ ഇവയുടെ വിത്തുകൾ പാകി മുളപ്പിച്ച് തൈകളുണ്ടാക്കി തന്റെ പറമ്പിൽ നട്ടുപിടിപ്പിക്കുകയും പരിചയക്കാർക്ക് നൽകുകയും ചെയ്തു. മൂട്ടിപ്പഴത്തിൽ പരപരാഗണം നടക്കുന്നതിനാൽ നല്ല ഇനങ്ങളുടെ തനിമ നിലനിർത്താനായി ബഡ്ഡുതൈകൾ ഉത്പാദിപ്പിക്കാനുള്ള ശ്രമവും ബേബി നടത്തുന്നുണ്ട്. ആവശ്യക്കാർക്ക് നൽകുന്നതിനായി മൂട്ടിമരത്തിന്റെ തൈകളുടെ ഒരു നഴ്സറിയും ബേബി പരിപാലിക്കുന്നുണ്ട്. ആൺ പെൺ തൈകൾ അടങ്ങുന്ന ഒരു ജോഡി ആയിട്ടാണ് ബേബി തൈകൾ നൽകുന്നത്.

*'വേറിട്ട പാതകൾ' എന്ന ഈ പംക്തിയിൽ വരുന്ന ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശുപാർശ പ്രകാരമുള്ളവ ആയിരിക്കണമെന്നില്ല. വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചു നോക്കിയവരുടെ അനുഭവങ്ങൾ മാത്രമാണ്.*

മൂട്ടിപ്പഴത്തിന്റെ തൈകൾ കൂടാതെ പലതരം ഔഷധ സസ്യങ്ങളും വംശനാശഭീഷണി നേരിടുന്ന നാടൻ പഴച്ചെടികളും ബേബി സംരക്ഷിച്ച് വളർത്തുന്നുണ്ട്. പ്രകൃതി സംരക്ഷണത്തിനും ജൈവവൈവിധ്യം വർധിപ്പിക്കുന്നതിനും ബേബി നൽകിയ സംഭാവനകളെ കണക്കിലെടുത്ത് കേരള വനംവകുപ്പ് 2021-22-ൽ അദ്ദേഹത്തെ വനമിത്ര അവാർഡ് നൽകി ആദരിച്ചു. കൂടാതെ കൃഷിവകുപ്പിന്റെയും വണ്ണപ്പുറം ഗ്രാമപ്പഞ്ചായത്തിന്റെയും മറ്റു സംഘടനകളുടെയും ആദരവുകൾ ബേബിക്ക് ലഭിച്ചിട്ടുണ്ട്.

ജനുവരി മാസത്തിലാണ് മൂട്ടിമരങ്ങൾ പുഷ്പിക്കാൻ തുടങ്ങുന്നത്. മരത്തിന്റെ തടിയിലാണ് ആൺ പൂക്കളും പെൺ പൂക്കളും ഉണ്ടാകുന്നത്. ഫെബ്രുവരി മാസം ആകുമ്പോഴേക്കും ഇവയിൽ പരാഗണം പൂർത്തിയാകുകയും ആൺപൂക്കൾ കരിഞ്ഞ് ഉണങ്ങിപ്പോകുകയും ചെയ്യും. പരാഗണം നടന്ന പെൺപൂക്കൾ മെയ് മാസം ആകുമ്പോഴേക്കും ചുവപ്പു നിറമുള്ള പഴങ്ങളായി മാറും. ജൂൺ ജൂലൈ മാസങ്ങളിൽ മൂപ്പെത്തിയ പഴങ്ങൾ വിളവെടുക്കാം. പഴങ്ങൾ വിളവെടുത്താലും ഒരു മാസത്തോളം കേടുകൂടാതെയിരിക്കും എന്നാണ് ബേബി പറഞ്ഞത്.

2012-ൽ കൃഷി ചെയ്ത 80 റബ്ബർമരങ്ങൾ ബേബിക്കുണ്ട്. മൂട്ടിപ്പഴത്തിന്റെ മരങ്ങൾ നല്ല തണലിലും നന്നായി വളർന്ന് പഴങ്ങൾ ഉണ്ടാകുന്നത് കണ്ടപ്പോൾ റബ്ബറിനിടയിലും ഇതിനെ ഒന്ന് പരീക്ഷിച്ചാലോ എന്ന് ബേബിക്ക് തോന്നി. അങ്ങനെയാണ് 2019-ൽ റബ്ബർമരങ്ങൾ ടാപ്പുചെയ്യാൻ തുടങ്ങിയപ്പോൾ നാലു മരങ്ങൾക്കിടയിൽ ഒന്ന് എന്ന കണക്കിൽ റബ്ബറിന്റെ അത്രയും എണ്ണം മൂട്ടിത്തൈകൾ വെച്ചുപിടിപ്പിച്ചത്. 5 - 6 വർഷം കൊണ്ട് ഇവ നന്നായി വളർന്ന് കായ്ഫലം ആയിത്തുടങ്ങി. മൂട്ടിപ്പഴത്തിന് വിപണിയിൽ പ്രിയം



വിളവെടുക്കാൻ പാകമായിക്കൊണ്ടിരിക്കുന്ന മൂട്ടിപ്പഴം

# അടൂർ റബ്ബേഴ്സ് ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചു



റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്ത സംരംഭമായ അടൂർ റബ്ബേഴ്സ് സംഘടിപ്പിച്ച ബിസിനസ്സ് മീറ്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. റ്റി. സിജു ഉദ്ഘാടനം ചെയ്തു. റബ്ബർകർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ ഏറ്റെടുത്ത് പരിഹരിക്കുന്നതിനും ആഗോളവത്കരണം, കാലാവസ്ഥാവ്യതിയാനം എന്നിവയുടെ പരിണതഫലമായി റബ്ബർകർഷകർ നേരിടുന്ന ആനുകാലിക പ്രശ്നങ്ങളെ ലാഭേച്ഛ കൂടാതെ വൈവിധ്യവത്കരണ പ്രവർത്തനങ്ങളിലൂടെ ഏറ്റെടുക്കാനും റബ്ബർബോർഡു കമ്പനികൾ മുന്നോട്ടുവരണമെന്ന് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ പറഞ്ഞു.

റബ്ബറിന്റെ കാർഷിക-വിപണന മേഖലകളിൽ കർഷകരുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള സജീവ സാന്നിധ്യമായി മൂന്ന് പതിറ്റാണ്ടുകളായി അടൂർ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് അടൂർ റബേഴ്സ്. കമ്പനി ചെയർമാൻ പി. അറുമുഖം (ജോയിന്റ് ഡയറക്ടർ പി. & ക്യു.സി., റബ്ബർബോർഡ്) അധ്യക്ഷത വഹിച്ച യോഗത്തിൽ അടൂർ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ കെ.ജി. മനോജ്, റബ്ബർബോർഡിന്റെ അടൂർ റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ എം.ആർ ജയശ്രീ; കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായ ജി.സുധാകരൻ പിള്ള, പി.ആർ. മാധവൻ പിള്ള, സോളിൻ അലക്സ് എന്നിവർ സംസാരിച്ചു. അടൂർ റബ്ബേഴ്സ് മുൻ മാനേജിങ് ഡയറക്ടർ എം. ഗോപാലകൃഷ്ണനെ ചടങ്ങിൽ ആദരിച്ചു. •

വന്നാൽ റബ്ബർകർഷകർക്കും അത് ഉപകരിക്കുമല്ലോ എന്ന് അദ്ദേഹത്തിന് തോന്നി.

നിലവിൽ മൂട്ടിപ്പഴത്തിന് കാര്യമായ വിപണിയില്ല. അതുകൊണ്ട് പഴങ്ങൾ മൂല്യവർധന നടത്തി വിപണിയിൽ ഇറക്കാനാണ് ബേബിയുടെ ശ്രമം. അതിനാവശ്യമായ ലൈസൻസുകൾ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് മകൻ ജെറിൻ. പഴങ്ങൾ തേനിലിട്ട് തേൻ നെല്ലിക്ക പോലെ 'തേൻമൂട്ടി' ഉണ്ടാക്കിയാൽ വളരെ രുചികരമാണെന്നാണ് ജെറിന്റെ അഭിപ്രായം. അച്ചാറുകളും ഫ്രൂട്ട് ബൈറ്റുകളും കാൻഡികളും ഉണ്ടാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്.

വിപണിയിൽ പ്രിയം വന്നാൽ മൂട്ടിപ്പഴത്തെ റബ്ബറിന് ഇടവിളയായി വളർത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഇതിനായി കൂടുതൽ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. പ്രകൃതി സംരക്ഷണത്തിനും ജൈവ വൈവിധ്യങ്ങളുടെ പരിപാലനത്തിനും 73 കാരനായ ബേബി നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനം അർഹിക്കുന്നു. ഈ മേഖലയിൽ കൂടുതൽ കണ്ടെത്തലുകൾ നടത്തുന്നതിനും കൂടുതൽ പുരസ്കാരങ്ങൾ നേടുന്നതിനും ബേബിക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



*റബ്ബറിനിടവിളയായി മൂട്ടിമരങ്ങൾ നട്ടിരിക്കുന്നു*



*മഞ്ഞ നിറമുള്ള മൂട്ടിപ്പഴം*

ബേബി ഏബ്രഹാമിന്റെ ഫോൺ നമ്പർ : 7560857969, 6282798273 •





ആതിര അജിത്ത്
ഫീൽഡ് ഓഫീസർ


ഡോ. റിദിപ് ചൗധരി
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# ഗൊസൈഗാവിലെ കൂൺവിശേഷങ്ങൾ

അസമിലെ കാജൽഗാവ് റീജിയണൽ ഓഫീസിനു കീഴിൽ ഗൊസൈഗാവ് ഫീൽഡ് സ്റ്റേഷൻ പരിധിയിൽപെട്ട വിവിധ പ്രദേശങ്ങളിൽ റബ്ബർ കൃഷി വ്യാപനം പടിപടിയായി വർധിച്ചുവരികയാണ്. നെൽകൃഷിക്കൊപ്പം തന്നെ പ്രധാനപ്പെട്ട ഒരു കൃഷിയായി റബ്ബർകൃഷിയെയും ഇവിടെ കർഷകർ പരിഗണിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. പൊതുവെ സ്ഥിരോത്സാഹികളും അധ്വാനശീലരുമാണ് ഇവിടുത്തെ കർഷകർ, പ്രത്യേകിച്ച് യുവാക്കളും സ്ത്രീകളും. ഇവിടത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും റബ്ബർ കൃഷിക്ക് താരതമ്യേന യോജിച്ചതാണ്.

റബ്ബർകർഷകരുടെ സമഗ്രവും സുസ്ഥിരവുമായ വികസനം മുൻനിർത്തി മറ്റ് അനുബന്ധ മേഖലകളിലൂടെ കർഷകർക്ക് വരുമാന സമ്പാദനത്തിനുവേണ്ടിയുള്ള അവസരം ഒരുക്കികൊടുക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം ജനുവരി മാസത്തിൽ ഒരു കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. റബ്ബർബോർഡിന്റെ നിലവിലുള്ള അംഗീകൃത പദ്ധതിയിൻകീഴിൽ നിരവധി പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നതിനൊപ്പമായിരുന്നു ഈ പരിശീലനം.

ഗൊസൈഗാവ് ഫീൽഡ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന കൊച്ചുഡോള, മൗസം എന്നീ റബ്ബറുത്പാദകസംഘങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 15 വീതം കർഷകർക്കാണ് പരിശീലനം നൽകിയത്. പരിശീലനത്തിൽ പങ്കെടുത്തത് റാഭ, ബോഡോ എന്നീ ഗോത്രവിഭാഗങ്ങളിൽ പെട്ടവരായിരുന്നു. അസം കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഗൊസൈഗാവ് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ചായിരുന്നു പരിശീലനപരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത ഗവേഷണകേന്ദ്രത്തിലെ പതോളജി വിഭാഗം ശാസ്ത്രജ്ഞനായ ഡോ. വിനോദ് ഉപാദ്ധ്യായയുടെ നേതൃത്വത്തിലായിരുന്നു പരിശീലനം.

ഭക്ഷ്യയോഗ്യമായ കൂണിനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന ഒരു കർഷകസമൂഹം അല്ലാത്തത് കൊണ്ടുതന്നെ മിക്കവർക്കും ഈ പരിശീലനപരിപാടി പുതുമയുള്ളതായിരുന്നു. വളരെ കുറഞ്ഞ ചെലവിൽ നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ചുരുങ്ങിയ കാലയളവിൽ ആദായകരമായ ഒരു കൃഷിയായി കൂൺകൃഷിയെ രൂപപ്പെടുത്തിയെടുക്കാം എന്ന അറിവ് പകർന്നു നൽകാൻ ഈ പരിശീലനം കൊണ്ട് സാധിച്ചു.

പ്രധാനമായും 'പ്ലൂറോട്ടസ്' അഥവാ ചിപ്പിക്കൂൺ എന്ന ഇനം കൂൺ വളർത്തുന്നതിനുള്ള പരിശീലനമാണ് നൽകിയത്. വർഷം മുഴുവൻ കൃഷിചെയ്യാനും ആദായമെടു



*പരിശീലനത്തിന്റെ ദൃശ്യം*

ക്കാനും ഉള്ള സാധ്യത മുൻനിർത്തിയാണ് ചിപ്പിക്കൂൺ വളർത്തുന്നതിനുള്ള പരിശീലനം നൽകിയത്. പ്രത്യേകിച്ച് അസമിലെ കാലാവസ്ഥ ഈ ഇനം കൂൺ വളർത്തുന്നതിന് അനുയോജ്യമാണ് എന്നത് എടുത്തു പറയേണ്ടതാണ്. മറ്റു കൂൺ ഇനങ്ങളായ *പ്ലൂറോട്ടസ് സജോർ-കാജു, പ്ലൂറോട്ടസ് സാപ്പിഡസ്, പ്ലൂറോട്ടസ് പ്ലാറ്റിപ്പസ്, പ്ലൂറോട്ടസ് ഫ്ലോറിഡ, വൊൾവേരിയെല്ല* അഥവാ വൈക്കോൽ കൂൺ *കാലോസൈബെ* അഥവാ പാൽകൂൺ എന്നിവയെക്കുറിച്ചുള്ള അറിവുകൾ പരിശീലനത്തിന്റെ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. കൂണുകളുടെ പോഷകമൂല്യത്തെക്കുറിച്ചും വിശദമായ അറിവ് നൽകുന്നതിൽ പരിശീലകർ ശ്രദ്ധ ചെലുത്തിയിരുന്നു.

സാധാരണ കൂൺകൃഷിക്ക് മാധ്യമമായി ഉപയോഗിച്ചുവരുന്ന വൈക്കോൽ തന്നെയായിരുന്നു ഈ പരിശീലന പരിപാടിയിലും കൂൺ ബെഡ് ഉണ്ടാക്കാൻ തെരഞ്ഞെടുത്തത്. പരിശീലനാർത്ഥികൾ ഗ്രാമീണരും സ്വന്തമായി നെൽകൃഷി ചെയ്യുന്നവരും ആയതിനാൽ വൈക്കോൽ സുലഭമായി ലഭിക്കുമെന്നതുകൊണ്ട് ഇതിന് വളരെ സ്വീകാര്യത ലഭിച്ചു. റബ്ബർ അടക്കമുള്ള വെളുത്ത തടിയോടുകൂടിയ മരങ്ങളിൽ നിന്നു ലഭിക്കുന്ന അറക്കപ്പൊടിയും മാധ്യമമായി ഉപയോഗിക്കാം എന്ന് പരിശീലന പരിപാടിയിൽ പറഞ്ഞു. റബ്ബർമരങ്ങളുടെ ടാപ്പിങ്ചീളുകൾ വൃത്തിയാക്കി അറക്കപ്പൊടിക്കൊപ്പം ഉപയോഗിക്കുന്നതിനുള്ള പഠനങ്ങളും ഇവിടെ നടന്നുവരുന്നു. കൂടാതെ ഉണങ്ങിയ റബ്ബറിലകൾ അണുവിമുക്തമാക്കിയ ശേഷം മാധ്യമമാക്കാനുള്ള മറ്റൊരു സാധ്യതയും പരിശോധിക്കുന്നുണ്ട്.

കൂൺ വളർത്താനുള്ള മാധ്യമമായി വൈക്കോൽ ഉപയോഗിക്കുമ്പോൾ അധികം പഴക്കമില്ലാത്തതും സ്വർണ്ണ നിറത്തിലുള്ളതുമായ വൈക്കോൽ ആണ് തെരഞ്ഞെടുക്കേണ്ടത്. ഇത് അണുവിമുക്തമാക്കി ഉപയോഗിക്കണം. അണുവിമുക്തമാക്കുന്ന പ്രക്രിയയുടെ ഭാഗമായി വൈക്കോൽ ആവിയിൽ പുഴുങ്ങുന്ന രീതിയാണ് പരിശീലനത്തിൽ അവലംബിച്ചത്. അണുവിമുക്തമാക്കാൻ തുടർ നടപടിയായി വെള്ളം വാർന്നു പോയതിനു ശേഷം ഡെറ്റോൾ ലായനി ഉപയോഗിച്ച് അണുനശീകരണം നടത്തിയ പ്രതലത്തിൽ നിരത്തി വയ്ക്കുകയും ചെയ്തു. അതിനുശേഷം 60 സെന്റീമീറ്റർ നീളവും 30 സെന്റീമീറ്റർ വീതിയും 200 ഗേജ് കനവും ഉള്ള സുതാര്യമായ പ്ലാസ്റ്റിക് കവറുകൾക്കുള്ളിൽ അണുവിമുക്തമാക്കിയ വൈക്കോൽ നിറയ്ക്കുന്നു.

കവറുകളിൽ സുഷിരങ്ങൾ ഇട്ട ശേഷം കവറിന്റെ ചുവട്ടിൽ റബ്ബർബാൻഡ് ഉപയോഗിച്ച് കെട്ടുന്ന ആദ്യ നടപടിയോടെ ആയിരുന്നു ബെഡ് നിർമാണം. കവറൊന്നിന് ഏകദേശം ഒരു കിലോയോളം വൈക്കോൽ എന്ന തരത്തിലായിരുന്നു നിറച്ചത്. വൈക്കോൽ അഞ്ചു സെന്റീമീറ്റർ കനത്തിൽ ചുമ്മാട് പോലെ മുറുക്കി ചുറ്റി പ്ലാസ്റ്റിക് കവറിൽ ഇറക്കി വെയ്ക്കുകയും അതിനു മുകളിൽ കൂൺ വിത്തുകൾ വൃത്താകൃതിയിൽ വിതറുകയുമാണ് ചെയ്തത്. കൂൺകൃഷിയിൽ സാധാരണ അനുവർത്തി



*വൈക്കോൽ ഉപയോഗിച്ച് കൂൺബെഡ്ഡുകൾ തയ്യാറാക്കുന്നു*



*വിത്തിട്ട കൂൺബെഡ്ഡുകൾ മുളപ്പിക്കുന്നതിനായി തൂക്കിയിട്ടിരിക്കുന്നു*



കൂൺബെഡ്ഡിൽ നിന്നും കൂണുകൾ കിളിർത്തു നിൽക്കുന്നു



കൂണുകൾ കിളിർത്തു നിൽക്കുന്ന കൂൺബെഡ്ഡുകൾ

ക്കുന്ന രീതി അനുസരിച്ച് നെൽമണികളിൽ വളർത്തിയെടുത്ത കൂൺ വിത്തുകൾ ആയിരുന്നു ഇവിടെയും ഉപയോഗിച്ചത്. വൈക്കോൽ ചുമ്മാട് രൂപത്തിൽ ചുറ്റി ഒന്നിനു മുകളിൽ മറ്റൊന്ന് എന്ന തരത്തിൽ വയ്ക്കുകയും ഓരോ വളയത്തിനും ഇടയിൽ കൂൺ വിത്തുകൾ വിതറുകയുമാണ് ചെയ്യുന്നത്. ഏറ്റവും മുകളിലായി വിത്തുകൾ എല്ലാഭാഗത്തേക്കും വിതറുകയും അതിനു ശേഷം റബ്ബർബാൻഡ് ഉപയോഗിച്ച് കെട്ടുകയും ചെയ്താൽ ബെഡ് നിർമാണം പൂർത്തിയായി. പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരെയും കൂൺ ബെഡ് നിർമിക്കുന്ന രീതി പരിശീലിപ്പിച്ചു.

ഇങ്ങനെ തയ്യാറാക്കിയ ബെഡുകൾ ഒന്ന് വീതം ഓരോ പരിശീലനാർത്ഥിയും അവരവരുടെ വീടുകളിൽ കൊണ്ടുപോയി. എന്തൊക്കെ തുടർനടപടികൾ കൈക്കൊള്ളണം എന്ന വിശദമായ നിർദേശങ്ങളും നൽകി. ആവശ്യത്തിന് ഈർപവും ഇരുട്ടും ഉള്ള മുറികളിൽ ആയിരിക്കണം ബെഡുകൾ സൂക്ഷിക്കേണ്ടത് എന്ന് പ്രത്യേകം നിർദേശം നൽകിയിരുന്നു.

പരിശീലനത്തിൽ പങ്കെടുത്തവരിൽ ചിലർ പോളിത്തീൻ കവറുകളും കൂൺ വിത്തുകളും ഗൊസൈഗാവിലെ സോണൽ റിസർച്ച് സ്റ്റേഷനിൽ നിന്നു വാങ്ങിയിട്ടുണ്ടായിരുന്നു. ഒരു കിലോഗ്രാം കൂൺവിത്തിൽ നിന്നു ശരാശരി നാല് കൂൺ ബെഡ് വരെ ഉണ്ടാക്കാൻ സാധിക്കും. പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും പ്രത്യേകമായി ക്രമീകരിച്ച ഇരുട്ടുമുറികളിൽ പ്ലാസ്റ്റിക് കൂടുകളിൽ തയ്യാറാക്കിയ ബെഡുകൾ ഉറി പോലെ തൂക്കിയിടുകയും നിശ്ചിത ഇടവേളകളിൽ വെള്ളം തളിച്ച് കൊടുക്കുകയും ചെയ്തു.

കൂൺ ബെഡുകളിൽ നിന്ന് മുളച്ചുവന്ന പാകമായ കൂണുകൾ അടർത്തിയെടുത്ത് ആദ്യവിളവെടുപ്പ് നടത്തി. തുടർന്ന് 3-4 തവണ മിക്കവരും വിളവെടുപ്പ് നടത്തിയി ട്ടുണ്ട്. കൂൺ ബെഡുകൾ വളരെയധികം ശ്രദ്ധയോടെ വൃത്തിയായി പരിപാലിക്കണം എന്ന നിർദേശം എല്ലാ പഠിതാക്കളും അനുവർത്തിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചു.

ഒരു പരിശീലനം വിജയകരമാകുന്നത് അതിൽ പങ്കെടുത്തവർ പരിശീലനം വഴി സിദ്ധിച്ച അറിവുകൾ ഉപയോഗപ്പെടുത്തുകയും തുടർന്ന് മികച്ച ഫലം നേടുകയും ചെയ്യുമ്പോഴാണ്. ഈ പരിശീലനപരിപാടി വിജയകരമായിരുന്നുവെന്നത് പങ്കെടുത്ത ചിലരുടെയെങ്കിലും അനുഭവസാക്ഷ്യം വ്യക്തമാക്കുന്നുണ്ട്. പരിശീലനം ലഭിച്ച നനിൽ കുമാർ റാഭ വളരെ സന്തോഷവാനാണ്. അദ്ദേഹം 25-ഓളം കൂൺ ബെഡുകൾ ഇതിനകം തയ്യാറാക്കി അതിൽ നിന്ന് വിളവെടുത്ത കൂൺ വീട്ടാവശ്യത്തിന് ഉപയോഗിച്ചതിനൊപ്പം ഗ്രാമത്തിലെ സായാഹ്ന ചന്തയിൽ വിൽക്കുകയും ചെയ്തു. കൂൺ വളർത്തുന്നതിന് നനിൽ റാഭയ്ക്ക് ആകെ ചെലവായത് 680 രൂപയാണ്. സ്വന്തമായി നെൽകൃഷിയുള്ളതുകൊണ്ട് വൈക്കോൽ സുലഭമായി ലഭിച്ചിരുന്നു. ആദ്യവിളവെടുപ്പിലൂടെ തന്നെ 1500 രൂപയുടെ ലാഭം നേടാൻ സാധിച്ചുവെന്നത് അദ്ദേഹത്തെ കൂടുതൽ ഉത്സാഹവാനാക്കുന്നു.

മറ്റു പഠിതാക്കളുടെ അനുഭവവും വ്യത്യസ്തമല്ല. മിസ്റ്റ് സ്പ്രേയറും, മറ്റു ഹൈടെക് സംവിധാനങ്ങളും ഉപയോഗിച്ച് വലിയ തോതിൽ കൂൺ കൃഷി ചെയ്യുന്ന സംരംഭകർക്കിടയിൽ തങ്ങളുടെ പരിമിതമായ ചുറ്റുപാടുകളിൽ നിന്നും നാട്ടിൻപുറത്തുകാരായ ചെറുകിട റബ്ബർ കർഷകർ തങ്ങൾക്കു ലഭിച്ച മികച്ച പരിശീലനം ഉപയോഗപ്പെടുത്തി മറ്റൊരു ഉപജീവനമാർഗത്തിനു വഴിയൊരുക്കിയെന്നത് വളരെ ശ്ലാഘനീയമാണ്. സ്വന്തമായി വിളവെടുത്ത കൂണിന്റെ ചിത്രങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ പങ്കുവെയ്ക്കുക വഴി, താനും ഒരു പുതിയ സംരംഭകയായി എന്ന അഭിമാനംകൊള്ളുകയാണ് പരിശീലനത്തിൽ പങ്കെടുത്ത മധ്യവയസ്ക്കയായ സഹിക റാഭ.

പരിശീലനം സിദ്ധിച്ച എല്ലാ കർഷകർക്കും ഒരുപോലെ ആത്മവിശ്വാസം പകർന്നുവെന്നു മാത്രമല്ല ഈ അധിക വരുമാനമുണ്ടാക്കുന്ന കൃഷിരീതി ഒരു പുതിയ സംരംഭകത്വം എന്ന രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള സന്നദ്ധത പലരും കാണിക്കുന്നു എന്നത് പുതിയ പ്രതീക്ഷകൾ നൽകുന്നു. •

# GOLDEN TOUCH®

## FORMIC ACID

**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)
**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**
**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

## Geo Thomas & Co.

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'വിവിധ പ്രദേശങ്ങളിലേക്ക് യോജിച്ച റബ്ബറിനങ്ങൾ'. എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. റ്റി. മീനാകുമാരി, 'മഴക്കാലടാപ്പിങ്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

### വിവിധ പ്രദേശങ്ങളിലേക്ക് യോജിച്ച റബ്ബറിനങ്ങൾ

1. ***ആർആർഐഐ 400 പരമ്പര ഇനങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 430 എന്നീ ഇനങ്ങൾ ത്വരിത വളർച്ചയുള്ളവയാണ്. ഇവ ഏഴു വർഷമാകുന്നതിനു മുന്നേ ടാപ്പിങ്ങിന് ആവശ്യമായ വണ്ണമെത്താറുണ്ട്. അങ്ങനെയുള്ള മരങ്ങളിൽ പ്രത്യേകിച്ച് ആർആർഐഐ 414-ന്റെ കാര്യത്തിൽ ടാപ്പിങ് തുടങ്ങുന്നതിനു മുമ്പ് ആവശ്യമായ പട്ടക്കനവും (ശരാശരി 7 മി.മീ.) എത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പട്ടക്കനം കുറവാണെങ്കിൽ ആദ്യത്തെ രണ്ടുവർഷം ടാപ്പിങ്ങിന്റെ ആഴം കുറച്ചും പിന്നീട് ക്രമാനുഗതമായി ടാപ്പിങ്ങിന്റെ ആഴം കൂട്ടിയും ടാപ്പുചെയ്യുന്നത് ഉത്പാദനം വർധിക്കാൻ സഹായിക്കും. മാത്രമല്ല ആർആർഐഐ 414-ന്റെ പാൽക്കുഴലുകൾ കൂടുതലും പട്ടയുടെ ഉൾഭാഗത്ത് കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ പിന്നീടുള്ള വർഷങ്ങളിൽ കൃത്യമായ ആഴത്തിൽ ടാപ്പുചെയ്യാനും കർഷകർ ശ്രദ്ധിക്കണം.

2. ***ആർആർഐഐ 400 പരമ്പരയിൽപെട്ട മരങ്ങൾക്ക് രോഗപ്രതിരോധശേഷി കൂടുതലായുണ്ടോ?***

ആർആർഐഐ 105-നെ അപേക്ഷിച്ച് ആർആർഐഐ 400 പരമ്പര ഇനങ്ങൾ രോഗപ്രതിരോധശേഷിയുള്ളവയാണ്. അകാലിക ഇലകൊഴിച്ചിൽ, *കൊളിറ്റോട്രിക്കം,* ഇലപ്പൊട്ടുരോഗം എന്നിവ ഉൾപ്പെടെ എല്ലാ ഇലരോഗങ്ങൾക്കും ആർആർഐഐ 105-നെ അപേക്ഷിച്ച് പ്രതിരോധശേഷിയുള്ള ഇനമാണ് ആർആർഐഐ 414. ഉയർന്ന പ്രദേശങ്ങളിലും തണുപ്പുള്ള അന്തരീക്ഷത്തിലുമുണ്ടാകുന്ന പൊടിക്കുമിൾ രോഗബാധയൊഴിച്ചാൽ ആർആർഐഐ 430-ന് സാമാന്യം രോഗപ്രതിരോധശേഷിയുണ്ട്. ആർആർഐഐ 417, ആർആർഐഐ 422 എന്നീ ഇനങ്ങൾക്ക് അവ വളരുന്ന സാഹചര്യം, കാലാവസ്ഥ എന്നിവ അടിസ്ഥാനമാക്കി ചില പ്രദേശങ്ങളിൽ രോഗബാധയുണ്ടാകുന്നുണ്ടെങ്കിലും ഒരു രോഗവും തീവ്രമായി ബാധിക്കുന്നില്ല. കർണാടക ഭാഗത്ത് തീവ്രമായുള്ള *കൊറിനിസ്പോറ* രോഗത്തിനെതിരെ ആർആർഐഐ 414, ആർആർഐഐ 430 എന്നീ ഇനങ്ങൾക്ക് സാമാന്യം നല്ല രോഗപ്രതിരോധശേഷിയുണ്ട്.

# നീറ്റേണ്ട... കൂട്ടേണ്ട...
# ഇളക്കി നേരിട്ട് പുരട്ടുക

റെഡി ടു യൂസ് കൊണ്ടോടീസ്™ **ബോർഡോ പെയിന്റ്**




**4 Kg**
4 Kg -1 Box 2 Nos.
**1 Kg**
1 Kg -1 Box 10 Nos.
**500gm**
500 gm - 1 Box 20 Nos.
**250gm**
250 gm - 1 Box 40 Nos.

**50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം...**

ചീക്കുരോഗത്തിന് നേരിട്ട് പെയിന്റ് ചെയ്യുക.

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**





**റബ്ബർ മരങ്ങൾക്കുണ്ടാകുന്ന ചീക്ക് രോഗം, കറ പൊട്ടിയൊഴുകുക തുടങ്ങിയവയ്ക്ക് കൊണ്ടോഡിസ് റെഡി ടു യൂസ് ബോർഡൊ പെയിന്റ് ഉത്തമ പ്രതിവിധി ആണ്.**

കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.

Copper Oxychloride
**Phytrox**
100gm, 500gm, 25 kg

**Also Available**
ബോർഡോ ലൈം
1 Kg പൗഡർ

**We manufacture high quality**
COPPER SULPHATE PENTA
**COPPER SULPHATE**
തുരിശ് 98%
IS: 2023
CM/L6297584
I KG., 25 KG., 50 KG.
**Crystal & Powder**



**KONDODYS**®
for the best bordeaux spray

മാനുഫാക്ചറേഴ്സ് **SANSON CHEMICAL INDUSTRIES**
ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.
ഫോൺ: 0481 – 2564708 E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) 9847046229 Vivin X Kondody: 9880033644

**Coc 50% WDP also available**

**Dealers wanted in all places**



ഡോ. റ്റി. മീനാകുമാരി ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

3. ***ഉയർന്ന പ്രദേശങ്ങളിലും മഞ്ഞ് കൂടുതലുള്ള പ്രദേശങ്ങളിലും കൃഷിചെയ്യാൻ യോജിച്ച ഇനങ്ങൾ ഏതെല്ലാമാണ്?***

ഉയർന്ന പ്രദേശങ്ങളിൽ പൊടിക്കുമിൾ രോഗബാധ കൂടുതലായിരിക്കും. തളിരിലകളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. ഇലകൊഴിച്ചിലും തളിരിടലും നേരത്തെ നടക്കുന്ന ആർആർഐഐ 422 ഇനത്തിന് രോഗവ്യാപനം കൂടുന്ന സമയമാകുമ്പോഴേക്കും ഇലകൾ മൂത്തു കിട്ടുന്നതിനാൽ ഇത് ഇത്തരം സ്ഥലങ്ങളിലേക്ക് യോജിച്ച ഇനമാണ്. ഉയർന്ന പ്രദേശങ്ങൾക്ക് യോജിച്ച മറ്റ് ഇനങ്ങളാണ് ആർആർഐഐ 417, ആർആർഐഐ 429 എന്നിവ. ആർആർഐഐ 430-ൽ സ്വഭാവിക ഇലകൊഴിച്ചിലും തളിരിടലും വൈകിയാണ് നടക്കുന്നത്. ഈ സമയത്ത് പൊടിക്കുമിൾ രോഗബാധയ്ക്കുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് ഉയർന്ന പ്രദേശങ്ങൾക്ക് ഇത് യോജിച്ചതല്ല.

4. ***ഒരു തോട്ടത്തിൽ ഒന്നിലധികം ഇനങ്ങൾ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ഒന്നിലധികം ഇനങ്ങൾ കൃഷിക്കായി തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനവും പ്രത്യേകം പ്ലോട്ട് തിരിച്ച് നടാൻ ശ്രദ്ധിക്കണം. ഇനങ്ങൾ ഇടകലർത്തി നടുന്നത് സുഗമമായ ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കാം. മാത്രമല്ല, ഇനം തിരിച്ച് നടുന്നത് ഓരോ ഇനത്തിന്റെയും ഉത്പാദനം കർഷകർക്ക് നേരിട്ട് മനസ്സിലാക്കാനും രോഗങ്ങൾ വന്നാൽ രോഗനിവാരണമാർഗങ്ങൾ സ്വീകരിക്കുന്നത് എളുപ്പമാക്കാനും സഹായിക്കും.

5. ***വരൾച്ചയെ പ്രതിരോധിക്കാൻ കഴിവുള്ള റബ്ബറിനങ്ങൾ ഏതൊക്കെയാണ്?***

വരൾച്ചയെ പ്രതിരോധിക്കാൻ സാമാന്യം കഴിവുള്ള ഇനങ്ങളാണ് ആർആർഐഐ 430, ആർആർഐഐ 417 തുടങ്ങിയവ. ഇവയ്ക്ക് വേനൽമാസങ്ങളിൽ ഉത്പാദനം അൽപം കുറവാണെങ്കിലും ശരാശരി വാർഷികോത്പാദനം ഉണക്ക് കൂടിയ പ്രദേശങ്ങളിൽ ആർആർഐഐ 105-നേക്കാൾ കൂടുതലാണ്.

6. ***സൗത്ത് കൊങ്കൺ മേഖലയിലേക്ക് യോജിച്ച റബ്ബറിനങ്ങൾ ഏതെല്ലാമാണ്?***

അകാലിക ഇലകൊഴിച്ചിലിനും *കൊറിനിസ്പോറ* രോഗത്തിനും അനുകൂലമായ കാലാവസ്ഥയാണ് സൗത്ത് കൊങ്കൺ മേഖലയുടേത്. ദുർബ്ബലമായ തുലാവർഷവും കഠിനമായ വേനൽച്ചൂടും മറ്റൊരു പ്രത്യേകതയാണ്. ഈ പ്രദേശത്തേക്ക് അനുയോജ്യമായ റബ്ബറിനങ്ങൾ ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 203, ജി.റ്റി 1 എന്നിവയാണ്.

7. ***നോർത്ത് കൊങ്കൺ മേഖലയ്ക്ക് യോജിച്ച റബ്ബറിനങ്ങൾ ഏതെല്ലാമാണ് ?***

പശ്ചിമഘട്ടത്തിന്റെ തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന മഹാരാഷ്ട്രയുടെ നാല് ജില്ലകളായ സിന്ധുദുർഗ്, രത്നഗിരി, റായ്ഗഡ്, താനെ എന്നീ പ്രദേശങ്ങളാണ് നോർത്ത് കൊങ്കൺ മേഖലയിൽ ഉൾപെടുന്നത്. മഴയുടെ ലഭ്യതയിൽ കുറവില്ലെങ്കിലും ആറുമാസത്തിനു മുകളിൽ നീണ്ടുനിൽക്കുന്ന ഉണക്കും ഉയർന്ന താപനിലയും കാരണം ചെറുതൈകൾ നനച്ചുകൊടുക്കേണ്ട സാഹചര്യം ഉണ്ട്. ഇത്തരം പ്രദേശങ്ങൾക്ക് ആർആർഐഐ 430, ആർആർഐഐ 429, ആർആർഐഐ 208, ആർആർഐഎം 600 എന്നിവയാണ് യോജിച്ചതായി കണ്ടെത്തിയിട്ടുള്ളത്.

## മഴക്കാലടാപ്പിങ്

1. ***പട്ടചീയൽ എങ്ങനെ പ്രതിരോധിക്കാം?***

പട്ടചീയൽ എന്ന കുമിൾരോഗം തടയുന്നതിന് മഴക്കാലത്ത് ടാപ്പുചെയ്യുന്ന റബ്ബർമരങ്ങളുടെ വെട്ടുചാലും തൊട്ടുചേർന്ന പട്ടയും കുമിൾനാശിനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ കഴുകണം. ഇതിന് മാങ്കോസെബ് 0.375 ശതമാനം (ഇൻഡോഫിൽ എം. 45 അഥവാ ഡൈത്തേൻ എം. 45 അഞ്ചുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനി) ഉപയോഗിക്കാം. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ വേണം മരുന്നുപുരട്ടാൻ. മാങ്കോസെബ് വീര്യം കുറഞ്ഞ കുമിൾനാശിനി ആണെങ്കിലും സുരക്ഷയുടെ ഭാഗമായി കൈയ്യുറ ധരിക്കുന്നത് അഭികാമ്യമാണ്.

2. ***മഴക്കാലത്ത് ഉത്തേജകഔഷധം പ്രയോഗിക്കാമോ?***

റെയിൻഗാർഡുചെയ്ത മരങ്ങളിൽ മഴക്കാലത്ത് ഉത്തേജകഔഷധം പ്രയോഗിക്കാം. വെട്ടുപട്ടയിൽ നനവില്ലാത്തപ്പോൾ വേണം ഉത്തേജകഔഷധം പ്രയോഗിക്കാൻ. റബ്ബർബോർഡിന്റെ ശുപാർശകൾ അനുസരിച്ചു മാത്രമേ ഉത്തേജകഔഷധം പുരട്ടാവൂ.

3. ***റെയിൻഗാർഡു ചെയ്താൽ പട്ട മരച്ചുപോകുമെന്നു പറയുന്നത് ശരിയാണോ?***

റെയിൻഗാർഡുചെയ്താൽ റബ്ബർമരങ്ങളുടെ പട്ട മരച്ചുപോകുമെന്ന ധാരണ തെറ്റാണ്. മഴക്കാലത്ത് പട്ടചീയൽ എന്ന കുമിൾരോഗം മൂലം ചില മരങ്ങളുടെ വെട്ടുപട്ട നശിക്കുന്നത് പലപ്പോഴും പട്ടമരപ്പായി തെറ്റിദ്ധരിക്കാറുണ്ട്. പ്ലാസ്റ്റിക് ഉപയോഗിച്ച് റെയിൻഗാർഡുചെയ്ത മരങ്ങളിൽ മഴയില്ലാത്ത ദിവസങ്ങളിൽ റെയിൻഗാർഡ് ഉയർത്തി വെയ്ക്കുന്നത് പട്ടയിൽ ഈർപ്പം കുറയാനും രോഗം വരാതിരിക്കാനും ഉപകരിക്കും.

# Guard Against the Monsoon!
# Secure Your Latex Tapping Channels with

# ANNA RAINPROOF

**(Rain Guarding Compound)**



**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**



## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF MEMBER OF MULTILATERAL RECOGNITION ARRANGEMENT

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ANNA INDUSTRIES TM SINCE 1991

**Anna Industries**

**(An ISO 9001:2015 Certified Company)**

Kolenchery, Cochin, Kerala, Pin: 682 311

**Phone:**
**93 88 60 1632**
**94 95 00 3366**
**0484 2764590**
**0484 2760216**

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
**www.annabusiness.com**
**Toll Free : 1800 1230 366**



കെ. ചന്ദ്രലേഖ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

**4. *രാവിലെ മഴയുള്ള സാഹചര്യത്തിൽ ടാപ്പിങ് നടത്താൻ കഴിയുമോ ?***

മഴക്കാലത്ത് പൊതുവെ തണുപ്പുള്ള അന്തരീക്ഷമായതിനാൽ രാവിലെ മഴയാണെങ്കിൽ കുറച്ച് താമസിച്ച് ടാപ്പിങ് ആരംഭിച്ചാലും കാര്യമായ ഉത്പാദനക്കുറവ് ഉണ്ടാകാറില്ല.

**5. *മഴക്കാലത്ത് റബ്ബർപാൽ ഉറയൊഴിക്കുന്നതിനു മുന്നേ തരിച്ചു പോകുന്നതായി കാണുന്നു. എന്താണിതിനുള്ള പ്രതിവിധി?***

റബ്ബർമരത്തിന്റെ തടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന പായലും സൂക്ഷ്മജീവികളും ഉണ്ടാക്കുന്ന പുളിപ്പ് മഴവെള്ളത്തിൽ കലർന്ന് റബ്ബർപാലിൽ ചേരുന്നത് പാൽ തരിക്കുന്നതിന് കാരണമാകാം. ഇതു തടയാൻ 10 ലിറ്റർ പാലിന് 5 ഗ്രാം സോഡിയം സൾഫൈറ്റ് 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച ലായനി ചേർത്താൽ മതിയാകും.

**6. *മഴക്കാലത്ത് റെയിൻഗാർഡിൽ ഉണ്ടാകുന്ന ചോർച്ച എങ്ങനെ തടയാൻ സാധിക്കും?***

ഗുണമേന്മയുള്ള പശ ഉപയോഗിച്ച് നല്ലരീതിയിൽ റെയിൻഗാർഡ് ചെയ്താൽ സാധാരണമായി ചോർച്ച ഉണ്ടാകാറില്ല. റെയിൻഗാർഡിന് ചോർച്ചയുണ്ടാകുന്ന മരങ്ങളിൽ രണ്ടാമത് പശ തേച്ചോ തൻവർഷത്ത റെയിൻഗാർഡിന് മുകളിലായി മിനി റെയിൻഗാർഡ് പിടിപ്പിച്ചോ ചോർച്ച പൂർണ്ണമായും തടയാവുന്നതാണ്.

*തയ്യാറാക്കിയത്:*

**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി

**റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 ജൂലൈ 11 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും.

**തേനീച്ചകളുടെ മഴക്കാലപരിചരണം**

തേനീച്ചകളുടെ മഴക്കാലപരിചരണം സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ജൂലൈ 17 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയക്ക് ഒരുമണി വരെ തേനീച്ചവളർത്തൽ വിദഗ്ധനായ ബിജു ജോസഫ് മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക

മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും പോലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.

- കൊതുകുകൾ പരത്തുന്ന ചിക്കുൻഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകു കടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.




*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*

# ആഗസ്റ്റ് മാസത്തെ **കൃഷിപ്പണികൾ**



**പയറുവർഗത്തിൽപെട്ട ആവരണവിളകൾ പുതുതായി വച്ചുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങളിൽ അവ ശരിക്കും വളർന്നു പടരുന്നതിന് ഹെക്ടറൊന്നിന് 165 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടു തവണകളായി (ആവരണവിള നട്ട് ഒരു മാസത്തിനു ശേഷവും പിന്നീട് രണ്ടുമാസം കഴിഞ്ഞും) ഇട്ടുകൊടുക്കണം. പൊട്ടാസ്യത്തിന്റെ അംശം കുറവുള്ള മണ്ണിൽ റോക്ക് ഫോസ്ഫേറ്റിനൊപ്പം ഹെക്ടറൊന്നിന് 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് കൂടി ചേർത്തു കൊടുക്കാം.**



ആവശ്യത്തിന് മഴ ലഭിക്കുകയാണെങ്കിൽ റബ്ബർ നടീൽ തുടരാവുന്നതാണ് ഒട്ടുതൈക്കുറ്റികൾ മുളയ്ക്കണമെങ്കിൽ ഇടവിട്ടുള്ള മഴ വേണം. മണ്ണിൽ വേണ്ടത്ര ഈർപമുള്ളപ്പോൾ കൂടത്തൈകളും കപ്പുതൈകളും നടാം. തുടർന്ന് ഒന്നോ രണ്ടോ ഭേദപ്പെട്ട മഴ ലഭിച്ചാൽ അവ വേരുപിടിച്ചു കിട്ടുകയും ചെയ്യും.

നടാനുപയോഗിക്കുന്ന തൈകളുടെ ഏറ്റവും മുകളിലത്തെ ഇലത്തട്ടുകൾ മൂപ്പെത്തിയിരിക്കണം. കാനകളിൽ വച്ചിരിക്കുന്ന കൂടത്തൈകൾ എടുത്തു മാറ്റുമ്പോൾ കൂടയുടെ ചുറ്റുമുള്ള മണ്ണ് നീക്കിക്കളയണം. തായ്‌വേരോ പക്കവേരുകളോ കൂട തുളച്ച് വെളിയിലേക്കു വളർന്നിട്ടുണ്ടെങ്കിൽ അവയും മുറിച്ചു കളയണം.

### വിത്തുകൾ

സാധാരണമായി ജൂലൈ അവസാനം മുതൽ റബ്ബർവിത്തുകൾ ലഭിച്ചുതുടങ്ങും. വിത്തുകൾക്ക് മുളയ്ക്കാനുള്ള ശേഷി വളരെ ചുരുങ്ങിയ കാലത്തേക്കേ ഉണ്ടായിരിക്കുകയുള്ളൂ. വിത്തുകൾ മുളച്ചു കിട്ടിയാലുടൻ തന്നെ പാകണമെന്നതിനാൽ അവ പാകാനുള്ള തടങ്ങൾ മുൻകൂട്ടി തയ്യാറാക്കിയിരിക്കണം.

നിരപ്പുള്ള സ്ഥലങ്ങളിൽ തടമെടുക്കുന്നതാണ് നല്ലത്. സ്ഥലത്തിന്റെ സൗകര്യത്തിനൊത്തവിധം തടത്തിന്റെ ആകൃതിയും വലുപ്പവും നിർണയിക്കാം. നല്ല ആറ്റുമണലാണ് വിത്തു പാകി മുളപ്പിക്കാൻ അനുയോജ്യം. തടങ്ങൾക്ക് തറനിരപ്പിൽനിന്ന് പതിനഞ്ചു സെ. മീറ്റർ പൊക്കമുണ്ടായിരിക്കണം. അധികമുള്ള വെള്ളം എളുപ്പം ഒഴുകിപ്പോകുന്നതിനാണിത്.

വിത്തുകൾ ഒരൊറ്റ അട്ടിയായി തൊട്ടിരിക്കത്തക്കവിധം നെടുനീളത്തിലാണ് പാകേണ്ടത്. വിത്തുകളുടെ മേൽഭാഗം തടത്തിലെ മണലിന് മുകളിൽ കാണത്തക്കവിധം പാകണം


കയറ്റുപായോ മെടഞ്ഞ ഓലയോ കൊണ്ട് തടങ്ങൾ മൂടുകയും ഇടയ്ക്ക് നനയ്ക്കുകയും വേണം. തടങ്ങളിൽ അധികം ചൂടും നനവും ആവശ്യമില്ല. പാകിക്കഴിഞ്ഞാൽ ആറേഴുദിവസങ്ങൾക്കകം വിത്തുകൾ മുളച്ചുതുടങ്ങും. മുളച്ച വിത്തുകൾ നടീലിനായി ദിവസവും എടുത്തു മാറ്റിക്കൊണ്ടിരിക്കണം. അവ മാറ്റി നടുന്നതിന് താമസം നേരിട്ടാൽ വേരുകൾ വളഞ്ഞതോ പിരിഞ്ഞതോ ആകാൻ ഇടയുണ്ട്.

### സ്പ്രേയിങ്

കൂമ്പുചീയൽ പോലുള്ള ഇലരോഗങ്ങൾ തടയാൻ തൈച്ചെടികളുടെ തളിരിലകളിലും കൂമ്പുകളിലും നഴ്സറിയിലെ തൈകളിലും ഒരുശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കേണ്ടതാണ്.

### പട്ടചീയൽ തടയാൻ

മഴക്കാലത്ത് ടാപ്പിങ് തുടരുന്ന മരങ്ങളുടെ വെട്ടുപട്ടയ്ക്ക് ചീയൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതു തടയാൻ മരങ്ങളുടെ വെട്ടുപട്ടയും വെട്ടുചാലും ആഴ്ചയിൽ ഒരിക്കൽ കുമിൾനാശിനി ചേർത്ത ലായനി ഉപയോഗിച്ച് കഴുകണം. മാങ്കോസെബ്





0.375 ശതമാനം വീര്യമുള്ളത് (വിപണിയിൽ 75 ശതമാനം വീര്യത്തിൽ കിട്ടുന്ന കുമിൾനാശിനി അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) ഇതിനുപയോഗിക്കാം.

### പിങ്കുരോഗത്തിന് ചികിത്സ

ചീക്ക് (പിങ്ക്) രോഗം വർഷകാലത്താണ് റബ്ബർമരങ്ങളെ ബാധിക്കുന്നതെങ്കിലും ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലായിരിക്കും കഠിനമായ രോഗബാധ കാണപ്പെടുന്നത്. രണ്ടു മുതൽ പന്ത്രണ്ടു വരെ വർഷം പ്രായമുള്ള മരങ്ങളുടെ കവരഭാഗത്താണ് സാധാരണമായി രോഗബാധ ഉണ്ടാകുക. മരങ്ങളുടെ തൊലിപ്പുറമേ വെളുപ്പോ ഇളം ചുവപ്പോ ആയ ചിലന്തിവല പോലുള്ള പൂപ്പൽ കാണപ്പെടും. രോഗബാധയേറ്റ ഭാഗത്തുനിന്ന് റബർപാൽ ഒലിച്ചിറങ്ങുകയും ആ ഭാഗത്തെ പട്ട അഴുകി വിണ്ടുകീറുകയും ചെയ്യുന്നു.

പ്രാരംഭദശയിൽ രോഗബാധയുള്ള ഭാഗത്ത് ഒരടി മുകളിലേക്കും താഴേക്കും നീട്ടി, ബോർഡോക്കുഴമ്പ് പുരട്ടണം. രോഗബാധ ശക്തമാണെങ്കിൽ രോഗം ബാധിച്ച ഭാഗത്ത് ബോർഡോക്കുഴമ്പ് പുരട്ടി ഉണങ്ങിയശേഷം ആ ഭാഗത്തെ പട്ട ചുരണ്ടിമാറ്റി വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്. രോഗബാധിതമായ മരത്തിന്റെ സമീപത്തുള്ള ഏതാനും മരങ്ങളുടെ കവരഭാഗങ്ങളിലും പ്രതിരോധനടപടിയെന്ന നിലയിൽ ബോർഡോക്കുഴമ്പ് പുരട്ടാവുന്നതാണ്.

ബോർഡോക്കുഴമ്പിന് പകരമായി തിറം (0.75 ശതമാനം) എന്ന കുമിൾനാശിനി റബ്ബർകോട്ട്, സോപ്കോട്ട്, ട്രസിൽ തുടങ്ങിയ പെട്രോളിയം ഉത്പന്നങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ (പത്ത് ഗ്രാം കുമിൾനാശിനി ഒരു കി. ഗ്രാം പെട്രോളിയം ഉത്പന്നത്തിൽ എന്ന തോതിൽ) ചേർത്ത് രോഗം ബാധിച്ച ഭാഗങ്ങളിൽ മുൻപറഞ്ഞ രീതിയിൽ തേച്ചുപിടിപ്പിക്കുന്നതും ഫലപ്രദമായ രോഗനിവാരണമാർഗമാണ്.

### നഴ്സറിയിൽ വളംചേർക്കൽ

നഴ്സറിയിൽ കൃഷിയുള്ള ഭാഗത്ത് ഒരു ഹെക്ടർ സ്ഥലത്ത് രണ്ടര ടൺ കമ്പോസ്റ്റ് അഥവാ നല്ലതുപോലെ അഴുകിപ്പൊടിഞ്ഞ ചാണകം, 350 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്നിവ മണ്ണുമായി നല്ലതുപോലെ കലർത്തണം. അതിനുശേഷം തടം നിരപ്പാക്കി തൈകൾ നടാൻ ഒരുക്കിയിടണം. ഒരേ തടങ്ങൾ തന്നെ എല്ലാ വർഷവും സ്ഥിരമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ റോക്ക് ഫോസ്ഫേറ്റ് മൂന്നു കൊല്ലത്തിലൊരിക്കൽ ചേർത്താൽ മതിയാകും. പുതുമണ്ണിലാണ് നഴ്സറി തുടങ്ങുന്നതെങ്കിൽ ആദ്യവർഷം കമ്പോസ്റ്റോ ചാണകമോ ഉപയോഗിക്കേണ്ടതില്ല. നഴ്സറി ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തുന്നതാണ് ഉത്തമം.

### ആവരണവിള

പയറുവർഗത്തിൽപെട്ട ആവരണവിളകൾ പുതുതായി വച്ചുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങളിൽ അവ ശരിക്കും വളർന്നു പടരുന്നതിന് ഹെക്ടറൊന്നിന് 165 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടു തവണകളായി (ആവരണവിള നട്ട് ഒരു മാസത്തിനു ശേഷവും പിന്നീട് രണ്ടുമാസം കഴിഞ്ഞും) ഇട്ടുകൊടുക്കണം. പൊട്ടാസ്യത്തിന്റെ അംശം കുറവുള്ള മണ്ണിൽ റോക്ക് ഫോസ്ഫേറ്റിനൊപ്പം ഹെക്ടറൊന്നിന് 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് കൂടി ചേർത്തു കൊടുക്കാം.

തോട്ടത്തിൽ കന്നുകാലികളെ മേയാൻ അനുവദിക്കുന്നതും ആവരണവിളകൾ അവയ്ക്ക് തീറ്റയാക്കുന്നതും ആവരണവിളയുടെ വളർച്ചയെ ബാധിക്കും. ആവരണവിള ശരിക്കും പടർന്നു പിടിച്ചിട്ടുള്ള തോട്ടങ്ങളിൽ അവ റബ്ബർ തൈകളുമായി മത്സരിക്കാൻ ഇടയാകരുത്. ചതുരത്തിലും ദീർഘചതുരത്തിലും തൈകൾ നട്ടിട്ടുള്ള തോട്ടങ്ങളിൽ, ഓരോ തൈയുടെയും ചുവട്ടിൽ 1.8 മീറ്റർ വ്യാസത്തിലും കോണ്ടൂർരീതിയിൽ തൈകൾ നട്ടിട്ടുള്ള തോട്ടങ്ങളിൽ നിരപ്പുതട്ടുകളിലും ആവരണവിള വളരാതെ ശ്രദ്ധിക്കണം.

ഓരോ മാസവും റബ്ബർതോട്ടങ്ങളിൽ നടപ്പാക്കേണ്ട കൃഷിപ്പണികളെക്കുറിച്ച് കൂടുതൽ അറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. വിളിക്കേണ്ട നമ്പർ 0481 2576622. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്

# പരിശീലനപരിപാടികൾ

## 2025 ആഗസ്റ്റ് മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ആഗസ്റ്റ് 4 മുതൽ 8 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്റ്റ് ഡിസൈൻ; റബ്ബർബാന്റ്, കയ്യുറകൾ, ഫോംറബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
2. **രോഗ-കീട നിവാരണം**
   റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം ആഗസ്റ്റ് 5-ന് നടത്തും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
3. **സ്പ്രേയറുകൾ**
   സ്പ്രേയറുകളുടെ ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് അറിവുനൽകുന്നതിനുള്ള ഏകദിന പരിശീലനം (ഓൺലൈൻ) ആഗസ്റ്റ് 11-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
4. **റബ്ബർവ്യവസായം**
   റബ്ബർവ്യവസായസംരംഭകരാകാൻ താൽപര്യമുള്ളവർക്കായി ഒരു പരിശീലനപരിപാടി (ഓൺലൈൻ) ആഗസ്റ്റ് 13-ന് നടക്കും. ഷീറ്റുറബ്ബർ സംസ്കരണം,



റബ്ബർപാലിൽ നിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമാണം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **റബ്ബർടാപ്പിങ്**

റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം ആഗസ്റ്റ് 18, 19 തീയതികളിൽ നടക്കും. നൂതന ടാപ്പിങ്‌രീതികൾ, ഉത്തേജകൗഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലനഫീസ് 1100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **റബ്ബറുത്പാദകസംഘം**

റബ്ബറുത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായി മാനേജ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ആഗസ്റ്റ് 19, 20 തീയതികളിൽ നടക്കും. പരിശീലനം സൗജന്യമായിരിക്കും.

7. **ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം ആഗസ്റ്റ് 22-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

8. **ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം ആഗസ്റ്റ് 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

9. **മികച്ച കാർഷികരീതികൾ (Good Agricultural Practices)**

മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം ആഗസ്റ്റ് 25, 26 തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

10. **റബ്ബറുത്പന്നനിർമാണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്**

റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ആഗസ്റ്റ് 07 മുതൽ കോഴ്സ് ആരംഭിക്കും. ഡിപ്ലോമ/ ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർ വ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മാ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353127 (വ്യവസായം), 9495928077 (കൃഷി), 9495928077 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# മഴയുടെ മേളം, കൃഷിയുടെ താളം, പ്രകൃതിയുടെ കാരുണ്യം

പ്രകൃതിയുടെ പ്രതിഭാസം എന്ന നിലയിൽ ഭൂമിയിൽ വീഴുന്ന ഏറ്റവും വലിയ അനുഗ്രഹം മഴയാണ്. അനാദിയായ പ്രപഞ്ചത്തിലെ സുവർണശോഭയാർന്ന സൗരയൂഥത്തിലെ, ജീവന്റെ തുടിപ്പുള്ള ഏകഗോളമായ ഭൂമിക്കു മാത്രം ലഭിച്ച വരദാനം. ശാസ്ത്രീയതയുടെ ഏതേതു സിദ്ധാന്തങ്ങൾക്കുമപ്പുറം നമ്മുടെ ആവാസഗ്രഹത്തെ ഇങ്ങനെ ആകർഷകവും ഊർവ്വരവുമാക്കിത്തീർത്ത കാൽപനികസ്വഭാവമുള്ള ഒരു യാഥാർത്ഥ്യമാണ് മഴ. അനേകായിരം സംവത്സരങ്ങളിൽ അനേക കോടി മനുഷ്യരിൽ മനുഷ്യത്വത്തിന്റെ ആർദ്രത സമ്മാനിച്ചാണ് മഴ പെയ്യുന്നത്. കേരളത്തിന്റെ സ്വന്തം കാലവർഷക്കാലമാണിത്! പകൽപോലും ഇരുണ്ടുമൂടിയ അന്തരീക്ഷത്തിൽ മണ്ണിന്റെയും മനുഷ്യന്റെയും അന്തരാത്മാവിലേക്ക് പോലും പെയ്തിറങ്ങുന്ന മഴ. എത്ര തന്നെ വളർന്നാലും ഈ മഴ നനയാൻ ആഗ്രഹിക്കുന്ന, മഴവെള്ളം തട്ടിത്തെറിപ്പിച്ച് തൊടിയിലും മുറ്റത്തും കളിക്കാൻ കലശലായി കൊതിക്കുന്ന ഒരു ബാല്യം ഓരോ മലയാളിയുടെയും ഉള്ളിലില്ലേ?

കാർഷികവൃത്തി അതിന്റെ പ്രാകൃത പ്രാരംഭം മുതൽ മഴയെയാണ് ആശ്രയിച്ചത്. ഋതുഭേദങ്ങൾ മാറുന്നതിനും മറയുന്നതിനും അനുസരിച്ച് ജീവിതചക്രം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികവൃത്തിയെയും മനുഷ്യൻ ക്രമപ്പെടുത്തി. ആ ചിട്ടപ്പെടുത്തലിന്റെ അടയാളക്കുറി മഴയായിരുന്നു. ഇന്നും ഏതൊക്കെ ശാസ്ത്രീയ കൃഷിമുറകളും അതിനൂതന സംവിധാനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും മഴ തന്നെയാണ് കൃഷിയുടെ ഭാവിയും വിധിയും നിർണയിക്കുന്നത്. ഭാരതത്തിലെ കൃഷി ഇന്നും കാലാവസ്ഥയുമായുള്ള ഒരു ചൂതുകളിയാണെന്നത് എത്രയോ വാസ്തവം.

മുൻകൂട്ടിയുള്ള കാലാവസ്ഥാപ്രവചനങ്ങളുടെ നാളുകളാണിത്. ചക്രവാതച്ചുഴി രൂപപ്പെടുന്നതിനെക്കുറിച്ചും മഴയെക്കുറിച്ചും കാറ്റിന്റെ ഗതിവേഗത്തെക്കുറിച്ചുമെല്ലാം ഉപഗ്രഹചിത്രങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് മുൻകൂട്ടി മനസ്സിലാക്കാൻ സാധിക്കുന്നു. എന്നാൽ പഴമക്കാരുടെ കാലാവസ്ഥാ കണക്കുകൂട്ടലും കിഴിക്കലുമെല്ലാം ഞാറ്റുവേലയുമായി ബന്ധപ്പെട്ടായിരുന്നു. കാലവർഷം ഉണ്ടാകുന്നതും അതിവർഷം ഉണ്ടാകുന്നതും മഴ ശമിക്കുന്നതുമെല്ലാം വ്യത്യസ്തങ്ങളായ ഓരോ ഞാറ്റുവേലകളായിരുന്നു. കാലവർഷം കടന്നുപോകുന്നത് ഏഴോളം ഞാറ്റുവേലകളിൽ കൂടിയാണ്. കാർത്തിക, രോഹിണി. മകയിരം, തിരുവാതിര, പുണർതം, പൂയം, ആയില്യം എന്നിവയാണവ.

എന്താണ് ഞാറ്റുവേല? ഞായറിന്റെ വേളയാണ് ഞാറ്റുവേലയായി മാറിയത്. 'ഞായർ' സൂര്യനെയും 'വേള' സമയത്തെയുമാണ് സൂചിപ്പിക്കുന്നത്. ഭൂമി സൂര്യനെ ചുറ്റുന്ന പ്രദക്ഷിണ പാതയെ ഇരുപത്തിയേഴ് സമഭാഗങ്ങളായി വിഭജിച്ച് അവ ഓരോന്നും ഓരോ ഞാറ്റുവേലയായി കണക്കാക്കിയിരിക്കുന്നു. ഓരോ നക്ഷത്രത്തിന്റെയും സമീപത്ത് സൂര്യൻ ഉദ്ദേശം പതിമൂന്നര ദിവസമാണ് നിൽക്കുന്നത്. മേടമാസത്തിൽ ആരംഭിച്ച് മീനമാസത്തിൽ അവസാനിക്കുന്ന ഒരു കാർഷിക വർഷത്തെ ശരാശരി പതിമൂന്നരദിവസം വീതമുള്ള ഇരുപത്തിയേഴു ഭാഗമായിട്ടാണ് തിരിച്ചിരിക്കുന്നത്. അശ്വതി മുതൽ രേവതി വരെയുള്ള ഇരുപത്തിയേഴ് നക്ഷത്രങ്ങളുടെ പേരിൽ ക്രമമായി ഈ ഞാറ്റുവേലകളെ ചിട്ടപ്പെടുത്തിയിരിക്കുന്നു.

ഓരോ ഞാറ്റുവേലയിലെയും കാറ്റ്, മഴ, മഴക്കാറ് എന്നിവ വ്യത്യാസപ്പെട്ടിരിക്കും. കാറ്റും കോളും കണക്കാക്കി ഏത് ഞാറ്റുവേലയാണെന്ന് പറയാൻ മണ്ണിനെയും പ്രകൃതിയും തൊട്ടറിഞ്ഞിരുന്ന നമ്മുടെ കാരണവന്മാർക്ക് കഴിഞ്ഞിരുന്നു. ഓരോ ഞാറ്റുവേലക്കാലത്തെയും മഴയും കൃഷിയും അനുവർത്തനമുറകളുമായി ബന്ധപ്പെട്ടുള്ള ചൊല്ലുകളും വളരെയുണ്ട്.

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
മകയിരം മതിമറന്ന് പെയ്യണം
ആയില്യത്തിൽ പാകി അത്തത്തിൽ പറിച്ചു നടാം
ആയില്യക്കള്ളൻ അകത്താണെങ്കിൽ
മുണ്ടകപ്പുഞ്ച പുറത്ത്
ചോതി വർഷിച്ചാൽ ചോറിന് പഞ്ഞമില്ല
പൂയത്തിൽ നട്ടാൽ പുഴുക്കേട്.
പൂയം പെയ്താൽ പുല്ലും നെല്ല്.
മീനത്തിൽ മഴപെയ്താൽ മീനിനും ഇരയില്ല
ചിങ്ങം ചാറ്റിൽ ചിനിങ്ങിച്ചിനിങ്ങി
മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
മകരത്തിൽ മഴപെയ്താൽ മരുന്നിനും കിട്ടില്ല
തുലാവർഷം കണ്ടുനിന്നവനും
ഇടവപ്പാതി കണ്ടുപോയവനും

ഏതു നടുതലകൾ നട്ടാലും വേരുപിടിച്ചു കിട്ടുന്ന സമയമാണ് തിരുവാതിര ഞാറ്റുവേലക്കാലം. അതായത് മിഥുനമാസം ഏഴാം തീയതി മുതൽ ഇരുപത്തിയൊന്നാം തീയതി വരെയുള്ള കാലം. മകയിരം ഞാറ്റുവേലയിൽ മതിമറന്നു പെയ്യുന്ന കാലവർഷം തിരുവാതിര ഞാറ്റു വേലക്കാലത്ത് തെല്ലൊന്ന് ശമിക്കും. ഇടവിട്ടിടവിട്ട് പെയ്യുന്ന മഴയും ഇടയ്ക്കിടെ തെളിയുന്ന വെയിലുമാണ് ഈ ഞാറ്റുവേലയുടെ പ്രത്യേകത. അതായത് തൊണ്ണൂറ് മഴയും തൊണ്ണൂറും വെയിലും എന്നായിരുന്ന പഴമക്കാ രുടെ പ്രമാണം. തിരുവാതിരയിൽ ഏഴര ദിവസം മഴയും ഏഴര ദിവസം വെയിലും മാറിമാറി വരുന്നതിനാൽ കൊച്ചുകുട്ടികൾ പറയാറുണ്ട്– 'മഴയും വെയിലും.... കുറുക്കന്റെ കല്യാണമാ..' ഈ ചൊല്ലുകളെല്ലാം തന്നെ കൃഷിയും മഴയും തിരുവാതിര ഞാറ്റുവേലയും തമ്മി ലുള്ള പാരസ്പര്യത്തെയാണ് സൂചിപ്പിക്കുന്നത്.

'ഇടവപ്പാതി' എന്നുവിളിക്കുന്ന കാലവർഷക്കാലം പൊതുവെ തോരാമഴയുടെ കാലമാണല്ലോ? പടിഞ്ഞാറു കോളുകൊണ്ട് കറുത്തിരുളുമ്പോൾ മുത്തശ്ശിമാർ പറയും; 'പെയ്തു തോരത്തില്ല– സൂര്യനെ കണ്ടിട്ടേയില്ല– ഉച്ച ത്തോർച്ചയും ഇല്ലെന്നാ തോന്നുന്നത്– അടുത്ത കോളു കൊണ്ടിട്ടുണ്ട്. പ്രളയം വരാൻ പോവാണെന്നാ തോന്നു ന്നത്.' ഇടവപ്പാതി മഴയുടെ താളവട്ടങ്ങളെല്ലാം പഴവ ന്മാർക്ക് നല്ല നിശ്ചയമായിരുന്നു. ഇടവപ്പാതിക്കാലം ഭേകസംഗീതത്തിന്റെ കാലം കൂടിയാണ്. തണുത്തുറഞ്ഞ അന്തരീക്ഷം തവളകളുടെ ശബ്ദഘോഷത്താൽ മുഖരിതമാകുന്നു. നേരം ഇരുണ്ടു തുടങ്ങിയാൽ തോട്ടു വരമ്പുകൾ സംഗീതസാന്ദ്രമാണ്. ചീവീടുകളും തവളക ളുമാണ് ഈ സംഘഗാനത്തിലെ മുഖ്യഗായകർ. പല താളത്തിൽ പല ശ്രുതിയിൽ ആലാപനം മുറുകും. തവള കൾ ഒരേ പല്ലവി തന്നെ എന്നും പാടുന്ന ആവർത്തന ക്കാരാണ്, അവർ മഴയെ വിളിച്ചു വരുത്തും എന്നാണ് പറയുന്നത്. നിശബ്ദതപോലും നിശബ്ദമാകുന്ന രാത്രി യുടെ യാമങ്ങളിൽ മഴ തെല്ല് ശമിക്കുമ്പോൾ തവളകൾ കൂട്ടത്തോടെ ശബ്ദമുണ്ടാക്കും ചന്നം പിന്നം പെയ്യുന്ന മഴയ്ക്ക് ശ്രുതിയായി 'ഭേകസംഗീതം' കേൾക്കാം.

ഇടവപ്പാതിക്കാലം തവളകൾക്ക് ആഘോഷത്തിന്റെ കാലമാണ്. ഒഴുക്കുവെള്ളത്തിൽ കട്ടിയുള്ള പതപോലെ തവളയുടെ മുട്ട ജലപ്പരപ്പിൽ ഒഴുകി നടക്കുന്നത് കാണാം. കുറേ കഴിയുമ്പോൾ വലിയ തലയോടുകൂടിയ വാൽമാക്രി യായി ഇവ മാറുന്നു. സംഘം ചേർന്നാണ് ഇവയുടെ സഞ്ചാരം. പ്രകൃതിയുടെ കനിവും അമൃതുമായ മഴയെ യഥാർത്ഥത്തിൽ വായ്ക്കുരവയിട്ട് ക്ഷണിക്കുന്ന ജീവിയാണ് തവള. തവളകളുടെ കൂട്ടം ചേർന്നുള്ള ഈ വായ്ക്കുരവ താളാത്മകമായ ഭേകസംഗീതമായി മാറുന്നു.

പക്ഷേ വയലും തോടും കാവും കുളവും പൊന്തക്കാ ടുകളും കുളക്കടവുകളുമെല്ലാം ക്ഷയോന്മുഖമായതോടെ തവളകൾക്കും വംശനാശം സംഭവിക്കുകയാണ്. ചില യിനം തവളകളെ ഇപ്പോൾ കാണാനേയില്ല. ഒന്നുരണ്ടു പതിറ്റാണ്ട് മുൻപുള്ള ഇടവപ്പാതിക്കാലത്തെ ഒരു സായം സന്ധ്യ ഒന്നു മനസ്സിൽ സങ്കൽപ്പിച്ചുനോക്കൂ. ചാറ്റൽ മഴയ്ക്കൊപ്പം പ്രകൃതിയുടെ അലാറം കണക്കെ തവള കളുടെയും അവയ്ക്കൊപ്പം ചീവിടുകളുടെയും ശബ്ദ ത്താൽ നമ്മുടെ ജീവിത പരിസരം ഏറെ മുഖരിതമായിരു ന്നില്ലേ?

പെയ്തുവീഴുന്ന മഴത്തുള്ളികളുടെയും ജലപ്രവാഹ ങ്ങളുടെയും ഗതിയറിഞ്ഞ് സഞ്ചരിച്ച പൂർവികരുടെ പുണ്യമായ നെൽകൃഷിയുടെ രക്ഷകർ കൂടിയായിരുന്നു ഈ ചെറിയ ജീവികൾ.

നെല്ലും നെൽപാടവും തവളയും ചീവീടും എരണ്ടയും കുളക്കോഴിയും കൊറ്റിയും ചെറുമീനും ചേരയും എല്ലാം ചേർന്നുള്ള ഒരു പാരസ്പര്യം കൃഷിക്കും ആവാസ വ്യവസ്ഥയ്ക്കും ജീവിതത്തിനുതന്നെയും നന്മയേകിയ പ്രകൃതിയൊരുക്കിയ ചങ്ങലകണ്ണികളായിരുന്നു. ഒന്ന് മറ്റൊന്നിന് പൂരകമായി നിലകൊണ്ട ഒരു കാർഷിക– പാരിസ്ഥിതിക ജീവിത വ്യവസ്ഥ. അതെവിടെപ്പോയി എന്ന് ഈ ഇടവപ്പാതിയിൽ ഏതോ ഇടവഴിയിലെ ഇരുട്ടിൽ നിന്ന് അന്വേഷിക്കുകയാണ് ഇപ്പോൾ നാം.

കൃഷിയെ ഏതാണ്ട് കൈയ്യൊഴിഞ്ഞ ഒരു തലമുറ യുടെ മഴക്കാലമാണിത്. അതിനാൽ തന്നെ മഴയുടെ സ്വഭാവമോ സംഭവ്യതയോ ഇപ്പോൾ നമുക്കറിഞ്ഞുകൂടാ. കൃഷിയെ കൈവിട്ടാലും കേരളത്തിന്റെ ജലലഭ്യത ഇന്നും മഴയെ മാത്രമാണ് ആശ്രയിച്ചിരിക്കുന്നത്. ഇന്ന് ആധു നികശാസ്ത്രത്തിന്റെ വളർച്ചയേറിയിരിക്കുന്നു. പണ്ടുള്ള വരേക്കാൾ അറിവു വർധിച്ചു എന്ന് നാം അഹങ്കരി ക്കുന്നു. അടിസ്ഥാനപരമായ അറിവുകൾ അത്രയൊന്നു മില്ലാത്ത, ഉപരിപ്ലവവും പ്രകടനാത്മകവുമായ പ്രവൃത്തി കൾ മാത്രം കൈമുതലായുള്ള സ്വാർത്ഥമതികളാണ് മനുഷ്യരെന്ന് പ്രകൃതി നമ്മെ നിരന്തരം ഓർമിപ്പിക്കു ന്നുണ്ട്. ഇടിയും മിന്നലും കൊടുങ്കാറ്റും ചേർന്ന മഴയുടെ നാനാഭാവങ്ങൾ തലപ്പൊക്കം കൊണ്ട് നമ്മുടെ അഭിമാന മായ കേരനിരകൾ മുതൽ ചെറുപൂവിനെ ശിരസ്സേറ്റി തലയുയർത്തി നിൽക്കുന്ന കൊച്ചുപുൽക്കൊടി വരെ അനുഭവിക്കുന്നു, ആസ്വദിക്കുന്നു, സ്വീകരിക്കുന്നു.

മണ്ണിനു നീരും മരത്തിന് വേരും മനുഷ്യന് ജീവിതവു മായ മഴ എന്ന വരം നിലച്ചുപോകുമോ ഒരിക്കൽ? മനുഷ്യന്റെ കാല്പനിക സ്വപ്നങ്ങളിലെ മഴനൂലുകൾ നമ്മുടെ ജീവിതത്തിന്റെ വേരുകളെ തണുപ്പിക്കുന്ന ജീവനമായി എന്നുമുണ്ടാകണമേയെന്നാണ് പ്രാർത്ഥന. പ്രകൃതി കനിഞ്ഞു ചുരത്തുന്ന കാരുണ്യവർഷമായ ഈ അമൃതം ഒട്ടും പാഴാക്കാതെ നമുക്ക് സ്വീകരിക്കാം... സംഭ രിക്കാം... കരുതലോടെ നാളേയ്ക്കായി കരുതി വെയ്ക്കാം...!

മഴയോളം പഴിദോഷം കേൾക്കുന്ന മറ്റ് ഒന്നുംതന്നെ ഈ ഭൂമുഖത്തുണ്ടാകില്ല. മഴപെയ്താലും പെയ്തില്ലെ ങ്കിലും പഴി തന്നെ. വേനൽച്ചൂടിന്റെ കാഠിന്യമേറുമ്പോൾ ഒരു മഴ പെയ്തിരുന്നെങ്കിൽ എന്നാണെല്ലാവരുടെയും ആഗ്രഹം! ചൂടും വേവും കാരണം ജീവിതം ദുഃസ്സഹമാകു മ്പോൾ വേഴാമ്പലിനെപ്പോലെ നാം മഴക്കായി കാത്തി രിക്കും. ഒരു ചാറ്റൽമഴയെങ്കിലും പെയ്യാനായി പ്രാർത്ഥിക്കും. എന്നാലോ തുടർച്ചയായി ഒരാഴ്ച മഴ തിമിർത്തുപെയ്തു വീടിന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാകുമ്പോൾ ഇതെന്തൊരു നശിച്ച മഴയാണ്, ഈ മഴയൊന്നുമാറി ക്കിട്ടണേ എന്നാകും നമ്മുടെ പ്രാർത്ഥന. കേരളത്തിൽ പണ്ടുപണ്ടേ രണ്ടു മഴക്കാലമായിരുന്നു; ഇടവപ്പാതിയും തുലാവർഷവും ഇപ്പോഴിതാ മൂന്നാമതൊരു മഴക്കാലം കൂടിയായിരിക്കുന്നു. 'ന്യൂനമർദമഴ', കാല ദേശഭേദമി ല്ലാതെ എപ്പോഴും കടന്നുവന്നേക്കാവുന്ന മിന്നൽമഴയാ ണിത്. പണ്ട് മഴയ്ക്കൊരു സൗമ്യതയുണ്ടായിരുന്നു എന്ന് പറയാതെ വയ്യ. തിമിർത്തുപെയ്ത് ബുദ്ധിമുട്ടുകളൊക്കെ ഉണ്ടാകുമെങ്കിലും മിന്നൽ പ്രളയമായി വന്ന് സർവ്വനാശം വിതയ്ക്കില്ലായിരുന്നു. നമ്മൾ മനുഷ്യർക്കുണ്ടായ ഒട്ടും ആശാസ്യമല്ലാത്ത സ്വഭാവവ്യതിയാനങ്ങൾ കാലാവസ്ഥ യ്ക്കും കാലവർഷത്തിനുമൊക്കെ സംഭവിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. ജൂൺ ഒന്നാം തീയതി സ്കൂൾ തുറക്കുന്ന ദിവസം ഇടവപ്പാതിയും തുടങ്ങുന്ന ഒരു പതിവ് രീതി മുമ്പുണ്ടായിരുന്നു. മഴയിൽ നനഞ്ഞ് കുതിർന്നായിരുന്നു പുതിയ അദ്ധ്യയന വർഷാരംഭം! മഴയായിരുന്നു അന്ന് സ്കൂൾ പ്രവേശനോത്സവത്തിന് മുഖ്യാതിഥി. മഴ ടൂറിസവും മഴ ഉത്സവവും പുതിയ കാല ത്തിന്റെ വിനോദസഞ്ചാരസാധ്യതയായി മാറുകയാണ്. ●

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 ജൂൺ 1 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂൺ 2 | 20000 | 19600 | 14690 | 20000 | 19600 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 ജൂൺ 3 | 19900 | 19500 | 14580 | 19900 | 19500 | ലഭ്യമല്ല | ലഭ്യമല്ല |
| 2025 ജൂൺ 4 | 19800 | 19400 | 14370 | 19800 | 19400 | 18873 | 18795 |
| 2025 ജൂൺ 5 | 19750 | 19350 | 14265 | 19750 | 19350 | 19245 | 19166 |
| 2025 ജൂൺ 6 | 19750 | 19350 | 14055 | 19750 | 19350 | 19461 | 19382 |
| 2025 ജൂൺ 7 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂൺ 8 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂൺ 9 | 19700 | 19300 | 14055 | 19700 | 19300 | 19638 | 19559 |
| 2025 ജൂൺ 10 | 19700 | 19300 | 14160 | 19700 | 19300 | 19840 | 19762 |
| 2025 ജൂൺ 11 | 19700 | 19350 | 14160 | 19700 | 19350 | 20164 | 20086 |
| 2025 ജൂൺ 12 | 19700 | 19400 | 14160 | 19700 | 19400 | 20135 | 20056 |
| 2025 ജൂൺ 13 | 19700 | 19400 | 14265 | 19700 | 19400 | 19978 | 19899 |
| 2025 ജൂൺ 14 | 19750 | 19450 | അവധി | 19750 | 19450 | അവധി | അവധി |
| 2025 ജൂൺ 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂൺ 16 | 19750 | 19500 | 14265 | 19750 | 19500 | 19972 | 19892 |
| 2025 ജൂൺ 17 | 19800 | 19500 | 14265 | 19800 | 19500 | 19832 | 19753 |
| 2025 ജൂൺ 18 | 19900 | 19600 | 14265 | 19900 | 19600 | 20075 | 19995 |
| 2025 ജൂൺ 19 | 20000 | 19700 | 14265 | 20000 | 19700 | 20353 | 20274 |
| 2025 ജൂൺ 20 | 20000 | 19700 | 14160 | 20000 | 19700 | 19739 | 19659 |
| 2025 ജൂൺ 21 | 20050 | 19750 | അവധി | 20050 | 19750 | അവധി | അവധി |
| 2025 ജൂൺ 22 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂൺ 23 | 20050 | 19750 | 14160 | 20050 | 19750 | 19573 | 19494 |
| 2025 ജൂൺ 24 | 20050 | 19750 | 14160 | 20050 | 19750 | 19404 | 19325 |
| 2025 ജൂൺ 25 | 20050 | 19750 | 14160 | 20050 | 19750 | 19400 | 19321 |
| 2025 ജൂൺ 26 | 20050 | 19750 | 14215 | 20050 | 19750 | 19404 | 19325 |
| 2025 ജൂൺ 27 | 20100 | 19800 | 14265 | 20100 | 19800 | 19797 | 19717 |
| 2025 ജൂൺ 28 | 20100 | 19800 | അവധി | 20100 | 19800 | അവധി | അവധി |
| 2025 ജൂൺ 29 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ജൂൺ 30 | 20100 | 19800 | 14265 | 20100 | 19800 | 19533 | 19454 |
| ശരാശരി | 19894 | 19565 | 14248 | 19894 | 19565 | 19706 | 19627 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | മാർച്ച് 2025 | മാർച്ച് 2024 | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/ - ) ശതമാനത്തിൽ |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| **ഉത്പാദനം** (ടൺ) | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 17725 | 22300 | 550875 | 542175 | |
| ബ്ലോക്കുറബ്ബർ | 19725 | 15500 | 197500 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7700 | 8250 | 107350 | 101895 | |
| മറ്റുള്ളവ | 850 | 950 | 19275 | 22010 | |
| **ആകെ** | **46000** | **47000** | **875000** | **857000** | **2.1** |
| **ഉപഭോഗം*** (ടൺ) | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 53800 | 57550 | 584950 | 589345 | |
| ബ്ലോക്കുറബ്ബർ | 54000 | 49250 | 680700 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 11000 | 10050 | 108700 | 108405 | |
| മറ്റുള്ളവ | 3200 | 3150 | 35650 | 34240 | |
| **ആകെ** | **122000** | **120000** | **1410000** | **1416000** | **-0.4** |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **76315** | **83135** | **946230** | **952495** | **-0.7** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | |
| **ഇറക്കുമതി (p)** | **36411** | **41308** | **550918** | **492682** | |
| **കയറ്റുമതി (p)** | **608** | **251** | **4819** | **4199** | |
| **2025 മാർച്ച് അവസാനത്തെ സ്റ്റോക്ക്** (ടൺ) | | | | | |
| കർഷകർ | | 87000 | ഷീറ്റുറബ്ബർ | | 240500 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 130000 | ബ്ലോക്കുറബ്ബർ | | 80000 |
| ടയർനിർമ്മാതാക്കൾ (C) | | 114000 | റബ്ബർപാൽ (ഡി. ആർ. സി.) | | 32500 |
| മറ്റു വ്യവസായികൾ | | 52000 | മറ്റുള്ളവ | | 30000 |
| **ആകെ** | | **383000#** | **ആകെ** | | **383000#** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്,
C- ട്രാൻസിറ്റ് ഉൾപ്പെടെ, R- പുതുക്കിയത്.
# കർഷകരുടെയും വ്യാപാരികളുടെയും പ്രോസ്സസേഴ്സിന്റെയും പക്കൽ പ്രോസ്സസ് ചെയ്യാതെയുള്ള റബ്ബർ ഉൾപ്പെടെ
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്




CBC
RUBBER MIX
ഉത്പാദനത്തിൽ വൻ വർദ്ധനവ് എന്ന് കർഷകർ
സാക്ഷ്യപ്പെടുത്തിയ CBC റബ്ബർ മിക്സ്
46 വർഷം
പിന്നിട്ടിരിക്കുന്ന SIF ന്റെ ഉത്കൃഷ്ട ഉത്പന്നം
കരുത്തുറ്റ മരങ്ങൾക്കും കൊഴുപ്പേറിയ പാലിനും
മറ്റ് ഉത്പന്നങ്ങൾ:
CBC Cardamom Special, CBC Coconut Mix,
CBC Plantain Mixture, CBC Nutmeg Special etc.
ORGANIC 100%
INDOCERT
sif
ESTD. 1979
South Indian Fertilizers
MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES
Ph: +917306394194, +919497165620, +917012785820, +917025732685
E-mail: sif@sif.in | Website: www.sif.in
Factory: Industrial Development Area, Edayar, Kochi-683 502, Ph: Mob: 9847055620
An ISO 9001-2015
Certified Company
ALL KERALA FREE DELIVERY AVAILABLE (MOQ -10BAGS)
DISTRIBUTION INQUIRIES, PLEASE CALL : +91 7306 394 194, +91 9497 165 620

RUBBER MONTHLY (MALAYALAM)
Published on 11 July 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar